# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) പി4-197/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 30/03/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) പി4-197/2023 തീയ്യതി: 30/03/2023

## വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഒ. കെ. അഗസ്റ്റ്യൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 20-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രശാന്ത്.സി.വി,ഓഡിറ്റ് ഓഫീസർ,
ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.കെ.വി.ഡേവിഡ്.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.സി.ഹസീന,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീജ സതീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത് എ ആർ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി.ജയസുധ.കെ,എ | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീജിത്ത് എ ആർ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി.ജയസുധ.കെ.എ | സെക്രട്ടറി | 29-06-2021 | 31-03-2022 |
| ശ്രീ.സുരേഷ്.എം.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ.വിനോദ്കുമാർ വി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീ.ബിജു.വി.ജി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ലെനിൻ.ടി.ഇ | വില്ലേജ് എസ്റ്റ്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ദാഹർ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. കെ അസൈനാർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അൽസ എ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി,ചിത്ര.എ.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഡീന ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-09-2021 |
| ശ്രീമതി.ഇന്ദു ഏലിയാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-10-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു ബെന്നി | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-10-2021 |
| ശ്രീമതി.കമലാദേവി | ഹെഡ്മിസ്ട്രസ് | 01-11-2021 | 31-03-2022 |
| ശ്രീ സുജിത്ത് കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക പ്രകാരമുള്ള ഫണ്ട് വിവരം | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ. | 1-11 |
| 13 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 14 | വസ്തുനികുതികുടിശ്ശിക -സസ്പെക്ടഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല. | 1-13 |
| 15 | കിനാവ് പദ്ധതി -മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-14 |
| 16 | ചാണകം ഉണക്ക് യന്ത്രം-നിലവിൽ പ്രവർത്തനക്ഷമമല്ല. | 1-15 |
| 17 | പൊതുജനാരോഗ്യകേന്ദ്രം,വെറ്ററിനറി ഹോസ്പിറ്റൽ എന്നിവയുടെ പ്രവർത്തനം മാതൃകാപരം | 1-16 |
| 18 | ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടും ആസ്തിരജിസ്റ്റർ പൂർണ്ണമല്ല. | 1-17 |
| 19 | കുഴൽക്കിണർ നിർമ്മാണത്തിന് തുക നൽകി-പൂർത്തീകരണവിവരങ്ങൾ ഇല്ല. | 1-18 |
| 20 | സാഫല്യം ഭവന നിർമ്മാണപദ്ധതി-ലോൺ തിരിച്ചടവിൽ അപാകതകൾ. | 1-19 |
| 21 | ട്രൈബൽ മ്യൂസിയം- ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി. | 1-20 |
| 22 | അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽപോരായ്മ. | 1-21 |
| 23 | അനുപൂരകപോഷകാഹാരവിതരണ പദ്ധതി- വില താരതമ്യം ചെയ്യുന്നില്ല. | 1-22 |
| 24 | അനുപൂരകപോഷകാഹാരവിതരണ പദ്ധതി- രേഖകളില്ലാതെ തൻവർഷത്തെ തുകയിൽ നിന്ന് മുൻവർഷത്തെ തുക നൽകി. | 1-22-1 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് നടപ്പാക്കി. | 1-23 |
| 26 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. | 1-24 |

| | | |
|---|---|---|
| 27 | വീട് വാസയോഗ്യമാക്കൽ - മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. | 1-25 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - തൻവർഷത്തെ പ്രോജക്ടിൽ നിന്നും മുൻവർഷത്തെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. | 1-26 |
| 29 | മരാമത്ത് പ്രവൃത്തിയുടെ ബിൽതുകയേക്കാൾ അധിക തുക അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ₹1,14,517/- നഷ്ടം. | 1-27 |
| 30 | മാതമംഗലം തേർവയൽ റോഡ് ടാറിംഗ് | 1-27-1 |
| 31 | കല്ലൂർ - പുത്തൻചിറ റോഡ് ടാറിംഗ് | 1-27-2 |
| 32 | ചുണ്ടക്കര മദ്രസ്സ റോഡ് റീടാറിംഗ് | 1-27-3 |
| 33 | ചുണ്ടക്കര മദ്രസ്സ റോഡ് ടാറിംഗ് ഡ്രൈനേജ് | 1-27-4 |
| 34 | മാതമംഗലം നാഗരംകുന്ന് കനാൽ | 1-27-5 |
| 35 | ആൾട്ടർനേറ്റ് സ്കൂൾ മെയിന്റെനൻസ് | 1-27-6 |
| 36 | മറുകര സ്പോർട്സ് അക്കാദമി | 1-27-7 |
| 37 | മണലാടി വെള്ളക്കെട്ട് റോഡ് സൈഡ് കെട്ടും ടാറിംഗും | 1-27-8 |
| 38 | ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് കരാറുകാരന് തുക നൽകി. | 1-28 |
| 39 | പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 103008/- നഷ്ടം. | 1-29 |
| 40 | യഥാസമയം മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി എടുത്തിട്ടില്ല. | 1-30 |
| 41 | മാതമംഗലം തേർവയൽ റോഡ് ടാറിംഗ് | 1-30-1 |
| 42 | മണിമുണ്ട തോടിന് കലുങ്ക് | 1-30-2 |
| 43 | പണയമ്പം പുളിപ്പുര കോളനി റോഡ് ടാറിംഗ് | 1-30-3 |
| 44 | പന്തക്കൊല്ലി റോഡ് ടാറിംഗ് | 1-30-4 |
| 45 | ആനപന്തി ചെക്ക് ഡാം മെയിന്റനൻസ് | 1-30-5 |
| 46 | കല്ലൂർ - പുത്തൻചിറ റോഡ് ടാറിംഗ് | 1-30-6 |
| 47 | പള്ളിവയൽ റോഡ് ഡ്രൈനേജ് | 1-30-7 |
| 48 | മാലങ്കാപ്പ് കുറുമകോളനിക്ക് സമീപം കൾവർട്ട് | 1-30-8 |
| 49 | തേക്കമ്പറ്റ നാല് സെന്റ് കോളനി ഡ്രൈനേജ് | 1-30-9 |
| 50 | ക്രമവിരുദ്ധമായി മരാമത്ത് പ്രവൃത്തി നടപ്പിലാക്കി. | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒഴിവാക്കി | 3-1 |
| 2 | മരാമത്ത് പ്രവൃത്തിയുടെ ബിൽതുകയേക്കാൾ അധിക തുക അനുവദിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ₹1,14,517/- നഷ്ടം. | 3-2 |

| | | |
|---|---|---|
| 3 | ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് കരാറുകാരന് തുക നൽകി. | 3-3 |
| 4 | പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ₹1,03,008/-നഷ്ടം. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 22.02.2021തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.03.2022 തീയതിയിലെ1 (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 29.06.22 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 33959997 |
| വരവ് | 217816164 |
| ആകെ | 251776161 |
| ചെലവ് | 222571746 |
| നീക്കിയിരിപ്പ് | 29204415 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 39092464 | 39092464 | 36975556 | 2116908 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 2538898 | 2538898 | 2275334 | 263564 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 26976180 | 26976180 | 25220333 | 1755847 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 25989000 | 25989000 | 23628833 | 2360167 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 10950081 | 10950081 | 9710106 | 1239975 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Basic) | 0 | 10286573 | 10286573 | 8381165 | 1905408 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (Tied ) | 0 | 23297497 | 23297497 | 17164415 | 6133082 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രിക പ്രകാരമുള്ള ഫണ്ട് വിവരം

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ.23.01.21 പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2021-22 ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.വികസനഫണ്ട് ജനറൽ, വികസനഫണ്ട് ടി.എസ്.പി,വികസനഫണ്ട് എസ്.സി.പി എന്നിവയുടെ ചെലവ് ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ്, ACR പ്രകാരമുള്ള ചെലവ് എന്നിവയും പൊരുത്തപ്പെടുന്നില്ല. ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകകൾ പഞ്ചായത്തിന്റെ ചെലവ് ആയി ചേർക്കാത്തതാണ് കാരണം.

2.കേന്ദ്രാവിഷ്കൃതഫണ്ട്, സംസ്ഥാനാവിഷ്കൃതഫണ്ട് എന്നീ ഫണ്ടുകളുടെ കാര്യത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, വരവ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പ് മൈനസ് ആയി കാണുന്നു.

3.വാർഷികകണക്കുകളോടൊപ്പം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

4.ILGMS സോഫ്റ്റ് വെയറിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് കാണുന്നതിനോ ,പരിശോധിക്കുന്നതിനോ കഴിയുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 369230524 | 278 | 192101045 | 15 | 23 | 92 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 20824395 | 12296565 | 59.05 |
| വെറ്ററിനറി സർജ്ജൻ | 14 | 13 | 20654999 | 14052651 | 68.04 |
| മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 23 | 23 | 8839839 | 8783159 | 99.36 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 425000 | 424999 | 100 |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | 7 | 7 | 1972067 | 1972067 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 4062000 | 508984 | 12.53 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 10 | 209216369 | 75317884 | 36 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 9 | 10692756 | 9806136 | 91.71 |
| സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 43 | 37 | 14859398 | 13248385 | 89.16 |
| ഹെഡ്മാസ്റ്റർ ഗവൺമെൻറ് എൽ പി സ്കൂൾ | 9 | 9 | 6873748 | 4904831 | 71.36 |
| അസി. എഞ്ചിനീയർ | 165 | 134 | 69404953 | 52930293 | 76.26 |
| അസി. സെക്രട്ടറി | 5 | 2 | 1405000 | 88822 | 6.32 |
| | 301 | 278 | 369230524 | 194334776 | 52.63 |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 180269 | 3312967 | 3493236 | 3490981 | 2255/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 67252510 | 67252510 | 67252510 | |
| മെറ്റീരിയൽസ് | | 23752670 | 23752670 | 23752670 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 96000 | 5 |
| വിധവാപെൻഷൻ | 883200 | 46 |
| വാർദ്ധക്യകാലപെൻഷൻ | 5836800 | 304 |
| വികലാംഗപെൻഷൻ | 384000 | 20 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25309രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കുസൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

2.ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്ന തിനുള്ള ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് പ്രകാരം നിർണ്ണയിച്ച് കൊടുത്തിട്ടുണ്ടെങ്കിലും ഇത് പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.അതുകൊണ്ട് തന്നെ അനധികൃതകെട്ടിടനിർമ്മാണങ്ങൾ പഞ്ചായത്ത് പരിധിയിൽ നടക്കുന്നുണ്ട്.

3) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. .

4) വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

5.മുൻവർഷത്തിൽ ഭവനനിർമ്മാണത്തിന് വേണ്ടി എടുത്ത വായ്പയുടെ തിരിച്ചടവ് കൃത്യമായി മോണിട്ടർ ചെയ്യാത്തതിനാൽ വികസനഫണ്ടിൽ നിന്ന് അധികം തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്.

6.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ച വിശദമായി പരിശോധിച്ച് പ്രോജക്റ്റുകൾ ആവിഷ്കരിച്ചതായി കാണുന്നില്ല.ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികളുടെ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

7) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കിയിട്ടുണ്ടെങ്കിലും ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിക്കാണുന്നില്ല കൂടാതെ .വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുമില്ല. ആസ്തികൾ നഷ്ടപ്പെട്ടു പോകാൻ ഇത് ഇടയാക്കാം.

8) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. D&Oലൈസൻസിന്റെ കാര്യത്തിലും ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.

അപാകതകൾ പരഹരിക്കുന്നതിനായി മേൽ നടപടികൾക്കൊപ്പം താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്താവുന്നതാണ്.

എ) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്ററാഫിനെ ഏല്പിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും ഇപ്രകാരമുള്ള റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി തുടർനടപടികൾ സ്വീകരി ക്കുന്നുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പടെയുള്ള മേൽനോട്ട സംവിധാനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് പഞ്ചായത്ത് നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2022 To 24.11.2022<br>18.04.2022 To 20.04.2022 | 2021-22<br>01.04.2021 To 31.03.2022 | 16.02.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2014 To 25.07.2014 | 2009-10 To 2013-14 | 17.09.2014 |

## 1-11 വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ.

29.06.22- ന് ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.വാർഷികകണക്കുകളും ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ വാർഷികകണക്കിലെ വരവുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വരവുകഴും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്കുകൾ പ്രകാരം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം |
|---|---|---|
| സി.എഫ്.സി.ടൈഡ് | 7834419 | 23297497 |
| സി.എഫ്.സി.അൺടൈഡ് | 21380839 | 10286573 |

2.പഞ്ചായത്തിന് എത്ര ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ എന്നിവ നിലവിൽ ഉണ്ട് എന്നതി സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ അക്കൗണ്ട് നമ്പർ 37150074294,SBI-ൽ Cheques Deposited But Not Cleared എന്നയിനത്തിൽ 83390 രൂപ വരവ് വന്നിട്ടില്ല.ഇതിൽ 7/21 മുതലുള്ള ചെക്കുകൾ ഉൾപ്പെടുന്നു.

4.ജില്ലാകോപ്പറേറ്റീവ് ബാങ്ക് സുൽത്താൻബത്തേരി ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 130041000900051ൽ 31.10.20 ന് Directly Debited By Bank 230 രൂപ കാണിച്ചത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

5.വാർഷികകണക്കുകളിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ വരവ് ഭാഗവും ചെലവ് ഭാഗവും പൊരുത്തപ്പെടുന്നില്ല.

6.Receipt And Payment Statementലെ40(b) പ്രകാരമുള്ള നീക്കിയിരുപ്പിൽ പഞ്ചായത്തിന്റേതല്ലാത്ത അക്കൗണ്ടിൽ റവന്യൂഫണ്ട് എന്നയിനത്തിൽ 11000 രൂപ നീക്കിബാക്കി കാണുന്നു.

7. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല.

8.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ആയതിനാൽ വാർഷികകണക്കിലെ ആയിനത്തിലുള്ള വരവ് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം വരവ് 3237112 രൂപയും വാർഷികകണക്കുകൾ പ്രകാരം ഈയിനത്തിലെ വരവ് 1334244രൂപയുമാണ്.

10.വസ്തുനികുതിയിനത്തിൽ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| Non Residential Buildings | 4158977 | 2726596 | 89871 |
| Residential Buildings | - | 1160997 | 0 |

11. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ തുടങ്ങിയ ഒരു ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചിട്ടില്ല.

12.ഹഡ്കോ ലോൺ രജിസ്റ്റർ പ്രകാരം 21669001 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ടെങ്കിലും B5 പ്രകാരം 16939000 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്.

13 ദുരിതാശ്വാസനിധിയിനത്തിൽ 6611 രൂപ വരവ് കാണുന്നുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

14.Other Advance ഇനത്തിൽ 910484 രൂപ ചെലവ് കാണിച്ചിരിക്കുന്നത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

15.ജലനിധി വരവ് രജിസ്റ്റർപ്രകാരം 2257950 രൂപയും വാർഷികകണക്കുകൾ പ്രകാരം2987024രൂപയുമാണ്.

16.സാക്ഷരതാഗ്രാന്റ് രജിസ്റ്റർപ്രകാരം 149038 രൂപയും വാർഷികകണക്കുകൾ പ്രകാരം45956രൂപയുമാണ്.

17.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.ഉദാഹരണമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ശാഖയിൽ A/c No 40179101047664 ൽ 31.03.2021ന് 567467രൂപ നീക്കിയിരിപ്പുണ്ട്. ഈ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പേരിലുള്ള അക്കൗണ്ടില്( കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ശാഖയിൽ A/c No 40179101054725 ൽ 31.03.2022ന് 1275രൂപ നീക്കിയിരിപ്പുണ്ട്.

18.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

19.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

20.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

21. സെക്യേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

22.മുൻവർഷത്തെ AFS പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 10 /21-22തീയതി 28.02.23പ്രകാരം വിവരംശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും വിലാസവും | ഈടാക്കേണ്ട നികുതി(I,II) |
|---|---|---|
| 1 | മനോജ്.കെ.എൻ<br>കരിയാകുളത്തിൽ,മീനങ്ങാടി | 2500 |
| 2 | ഷംസുദ്ധീൻ,താസ് കോട്ടേജ്,കാക്കവയൽ | 2500 |
| 3 | ശിവരാജൻ.പി.ആർ,പുത്തൻവീട്ടിൽ,തേലമ്പറ്റ,മൂലങ്കാവ് | 2500 |
| 4 | ജോയ്.എം.ഡി,മഠത്തിൽ ഹൗസ്,തോട്ടമൂല പി.ഒ | 2500 |
| 5 | വിബിൻ ടി ജോണി,തണ്ടേക്കാട്ട് ഹൗസ്,മീനങ്ങാടി | 2500 |
| 6 | നജിമുദ്ധീൻ<br>.സി.എം,ചെവിടാക്കൻ,പാറക്കൽ,മാതമംഗലം | 2500 |
| 7 | മുഹമ്മദലി.കെ,കപ്പൂർ<br>ഹൗസ്,തോവാരിമല,ഗോവിന്ദമൂല | 2500 |
| 8 | സുധാകരൻ.കെ.എ,കുണ്ടൂർ ഹൗസ്,മുക്കത്തിക്കുന്ന് | 2500 |
| 9 | ജാബിർ.കെ,കപ്പൂർ ഹൗസ്,തോവാരിമല,ഗോവിന്ദമൂല | 2500 |
| 10 | സുരേഷ് മാണി,പാങ്ങിണിക്കോട്,പഴപത്തൂർ | 2500 |
| 11 | മനോജ് .വി.ജി,വട്ടക്കുന്നേൽ ഹൗസ്,കിടങ്ങനാട് | 2500 |
| 12 | അക്കാസ്.ബി.കെ,ബിച്ചാരത്ത് ഹൗസ്,നായ്ക്കെട്ടി പി.ഒ | 2500 |
| 13 | അബ്ദുൽ അസീസ്,കാരാട്ടു | 2500 |

| | | |
|---|---|---|
| | കുണ്ടേരി,ഐക്കരപ്പടി,മലപ്പുറം | |
| 14 | ആഷിക്ക്.പി.പി,അണിമംഗലത്ത് ഹൗസ്,പുളിക്കൽ,മലപ്പുറം | 2500 |
| 15 | നാരായണൻ കുട്ടി.എം,മേലേത്ത് ഹൗസ്,നായ്ക്കെട്ടി പി.ഒ | 2500 |
| 16 | അബ്രഹാം.ടി.ഒ,തൊബ്രായിൽ ഹൗസ്,മീനങ്ങാടി | 2500 |
| 17 | പുരാവത്ത്.കെ.വി,കുഴിക്കാട്ടിൽ ഹൗസ്,അമ്പലവയൽ | 2500 |
| 18 | ചന്ദ്രശേഖരൻ,ജയമന്ദിരം,മുട്ടിൽ പി.ഒ | 2500 |
| 19 | പ്രവീൺ ജോസ്,മാന്തോട്ടത്തിൽ,വാഴവട്ട | 2500 |
| 20 | ഷൈനു അബ്രഹാം,തോബ്രായിൽ ഹൗസ്,മീനങ്ങാടി | 2500 |
| 21 | സുരേഷ് കുമാർ.വി.കെ,വട്ടക്കാവുങ്ങൽ ഹൗസ്,തേലമ്പറ്റ,മൂലങ്കാവ് | 2500 |

മേൽ കരാറുകാർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 08/21-22 തിയ്യതി 28.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതികുടിശ്ശിക -സസ്പെക്ടഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2016 -17രണ്ടാം അർദ്ധവർഷം വരെയുള്ള 1156 ഡിമാന്റുകൾ സസ്പെക്ടഡ് ഡിമാന്റായി മാറ്റി നിർത്തിയതായി കാണുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ നികുതിദായകർ ഏതെങ്കിലും അർദ്ധവർഷത്തെ നികുതി അടവാക്കിയത് സംബന്ധിച്ച് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ താൽകാലികമായി മേൽ അർദ്ധവർഷത്തെ നികുതി ഡിമാന്റ് സസ്പെക്ടഡ് ഡിമാന്റായി മാറ്റി നിർത്താവുന്നതും മേൽ വിഷയത്തിൽ അന്വേഷണം നടത്തി ഉടൻ തന്നെ വ്യക്തത വരുത്തി ബന്ധപ്പെട്ടവർ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസിത് വിവരങ്ങൾ ചേർക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഇത്രയും ഡിമാന്റുകൾ സസ്പെക്ടഡ് ഡിമാന്റാക്കി മാറ്റിയതിൽ അന്വേഷണം നടത്തി നികുതി അടവാക്കിയതിൽ വ്യക്തത വരുത്തേണ്ടതുണ്ട്.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം.9 /21-22തീയതി 28.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.ഉടർ നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-14 കിനാവ് പദ്ധതി -മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പഞ്ചായത്തിലെ ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈനികസ്കൂൾ,നവോദയ സ്കൂൾ,കേന്ദ്രീയ വിദ്യാലയങ്ങൾ മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം എന്ന ലക്ഷ്യം മുൻ നിർത്തി ആരംഭിച്ച കൺമണി പദ്ധതിയാണ് കിനാവ് എന്ന പേരിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പിലാക്കിയത്.പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | കിനാവ് -സമഗ്ര ഗോത്രവികസന വിദ്യാഭ്യാസ പദ്ധതി |
| പ്രോജക്ട് നമ്പർ | 167/21-22 |
| അടങ്കൽ | 2800000/- |

| | |
|---|---|
| ചെലവ് | 2096387/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പദ്ധതിയുമായി ബന്ധപ്പെട്ട തൻവർഷത്തെ ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ/തിയ്യതി | തുക |
|---|---|
| 5/20-10-21 | 183986 |
| 8/27-11-21 | 334030 |
| 9/28-1-22 | 691875 |
| 16/17-2-22 | 420025 |
| 18/10-3-22 | 466471 |
| ആകെ | 2096387/- |

പ്രോജക്ടിന്റെ മറ്റു ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

*ഭാഷ ,ഗണിതം ,സയൻസ് തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തൽ

*വളരെ ചെറിയ പ്രായത്തിൽ തന്നെ ഭാവി വിദ്യാഭ്യാസത്തെ സംബന്ധിച്ച് കുട്ടിക്കും കുടുംബത്തിനും ധാരണ ഉണ്ടാക്കുക

*കുട്ടികളും കുടുംബവുമായും വളരെ പോസിറ്റീവ് ബന്ധം പുലർത്തുക

*കുട്ടികളുടെയും സർക്കാരിന്റെയും സാമൂഹികവും വൈകാരികവുമായ വാലിഡേഷന് സാധ്യമാക്കുക

*സർക്കാർ സർക്കാർഇതര സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ തീവ്രതയും കാരണങ്ങളും തിരിച്ചറിയുകയും പരിഹാരം കണ്ടെത്തി നടപ്പിലാക്കുകയും ചെയ്യുക

*വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ആവശ്യകത ഗുണഭോക്താക്കൾക്ക് ബോദ്ധ്യപ്പെടുക

*കുട്ടികളുടെ സമഗ്രവികസനം സാദ്ധ്യമാക്കുക.

പട്ടികവർഗ്ഗത്തിൽ പെടുന്ന 50കുട്ടികളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ .ഇതിൽ 25 പേരെങ്കിലും പെൺകുട്ടികളായിരിക്കും.

പഠനരീതി ശാസ്ത്രം ചുവടെ ചേർക്കുന്നു.

**എസ് ഇ എൽ (സോഷ്യോ ഇമോഷണൽ ലേണിങ്ങ്) പരിശീലനം ലഭിച്ച ഫെസിലിറ്റേർമാരുടെ സേവനം

**13 കുട്ടികൾക്ക് ഒന്ന് എന്ന ക്രമത്തിൽ ഫെസിലിറ്റേറ്റർമാരുടെ സേവനം

**പങ്കാളിത്ത പഠനപ്രക്രിയ അവലംബിക്കുക

**ഓരോ കുട്ടികളുടെയും പ്രത്യേകതകൾ തിരിച്ചറിഞ്ഞുള്ള പഠന രീതി

**ഓരോ പഠിതാവിന്റെയും വീട് സന്ദർശിക്കുകയും ലൊക്കേഷൻ മാപ്പ് ചെയ്യുകയും ജീവിതനിലവാരം തിരിച്ചറിഞ്ഞ് നിലവിൽ നിലനിൽക്കുന്ന പഠനപ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുകയും ചെയ്യുക

**ഓരോ ആഴ്ചയിലും കുട്ടിയുടെ രക്ഷിതാക്കളുമായി ഫോണിൽ ബന്ധപ്പെടുകയും കുട്ടിയുടെ അക്കാദമിക്ക്,സാമൂഹ്യ,ആരോഗ്യ,വൈകാരികപ്രശ്നങ്ങളും പുരോഗതികളും ചർച്ചചെയ്യുക.

**ഓരോ കുട്ടിയുടെയും പ്രശ്നങ്ങളും പുരോഗതിയും ചർച്ചചെയ്യുന്നതിനും വിലയിരുത്തുന്നതിനും തിരിച്ചറിയുന്നതിനുമായി എല്ലാ മാസവും രക്ഷകർതൃയോഗങ്ങൾ നടത്തുകയും ചെയ്യുക.

പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെ പ്പറയുന്ന അപാകതകൾ ഉണ്ട്.

സ.ഉ.(കൈ)നം.11/2018/തസ്വഭവ,തിരുവനന്തപുരം,തിയ്യതി.29-01-2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 7-6(8)പ്രകാരം സന്നദ്ധപ്രവർത്തകരായ യുവതീയുവാക്കൾ,അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്ക് പഠനപരിപോഷണം(Remedial Coaching) ഉൾപ്പെടെയുള്ള പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.സ.ഉ.(കൈ)നം22/2018/തസ്വഭവ തിയ്യതി 14-2-2018പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖണ്ഡിക 8.10(ഇ)പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം ഹോണറേറിയം നല്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.കൂടാതെ പദ്ധതി,സബ്സിഡി മാർഗ്ഗരേഖയിൽ കെട്ടിടവാടക,വണ്ടിവാടക,ഭക്ഷണം എന്നിവ നല്കുവാൻ വ്യവസ്ഥ ചെയ്യുന്നില്ല.ആയത് ഗോത്രസാരഥി പദ്ധതി,കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്നിവ നല്കുവാൻ പ്രോജക്ടുകൾ വിഭാവനം ചെയ്യുവാനും നടത്തുവാനും വ്യവസ്ഥ ചെയ്യുന്നതാണ്.ഓഡിറ്റ് വർഷം ഈ ഇനങ്ങളിൽ യഥാക്രമം 448382രൂപയും,155655രൂപയും പ്രോജക്ട് നമ്പർ 356,359നമ്പർ പ്രോജക്ടായി (ഗോത്രസാരഥി,എസ് ടി വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം) നടപ്പാക്കിയിട്ടുണ്ട്.കൺമണി പദ്ധതി കിനാവ് എന്ന് പേര് മാറ്റുമ്പോൾ പുതിയ പദ്ധതിയായി മാറുകയും ആയതിന് നൂതനപ്രോജക്ടിന് അംഗീകാരം ലഭിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെടുകയും ചെയ്യാതെയാണ് പ്രോജക്ട് നടപ്പാക്കിയത്.സ.ഉ(കൈ)നം.11/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 29-1-2018 പ്രകാരമുള്ള 13ാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷികപദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖയിലെ ഖ.3.8.4 പ്രകാരം നൂതനപ്രോജക്ടുകളുടെ അംഗീകാരത്തിന് പ്രത്യേക സംവിധാനത്തിൽ പ്രസ്തുത പ്രോജക്ട് താഴെപ്പറയുന്ന കാര്യങ്ങൾ വിദ്ഗ്ദസമിതി പരിശോധിക്കണം.

1.നിർദ്ദേശിക്കുന്ന പ്രോജക്ട് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലകളിൽ പ്പെടുന്നതാണെന്നും,നിർദ്ദേശിക്കുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡി അനുയോജ്യവും നീതികരിക്കുന്നതുമാണോ?

2.സാമ്പത്തിക -സാങ്കേതിക-പ്രായോഗികക്ഷമതയുള്ള പ്രോജക്ട് ആണോ?

3.തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സബ്സിഡി മാർഗ്ഗരേഖയിലെയോ മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണോ?

4.നിർദ്ദേശിക്കപ്പെടാവുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡിയും അനുയോജ്യവും നീതീകരിക്കാവുന്നതുമാണോ?

5.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യവ്യക്തികൾ ,സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണോ(അല്ലെങ്കിൽ മാത്രമേ തദ്ദേശസ്വയംഭരണസ്ഥാപനം ഇടപെടേണ്ടതുള്ളൂ).

മേൽ പ്പറഞ്ഞ കാര്യങ്ങൾ പ്രോജക്ട് വിഭാവനം ചെയ്തവരുമായി ചർച്ചചെയ്ത് ഭേദഗതി ആവശ്യമാണെങ്കിൽ അവകൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം അംഗീകാരം നല്കുകയാണ് സമിതിയുടെ ചുമതല.നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതീകരിക്കുന്നതിനുള്ള യുക്തിയും മിനിട്സിൽ രേഖപ്പെടുത്തണം.ഇത്തരത്തിൽ കിനാവ് പ്രോജക്ടിന് അനുമതി ലഭ്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ 23/2-3-2023 ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഫയൽ പരിശോധനയിൽ ഹോണറേറിയം,കെട്ടിടവാടക,വണ്ടിവാടക,ഭക്ഷണം ഇനത്തിൽ താഴെപ്പറയും പ്രകാരമുള്ള ബില്ലുകളിൽ മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ചിട്ടുള്ളത് നിരാകരിക്കുന്നു.

| ബിൽ തുക | നിരാകരിച്ച തുക | ഇനം | കാരണം | തടസ്സപ്പെടുത്തിയ തുക | ഇനം |
|---|---|---|---|---|---|
| 183986/- | 117400 | ഹോണറേറിയം | മാർഗ്ഗരേഖക്ക് വിരുദ്ധം | 2300 | ഫോട്ടോസ്റ്റാറ്റ് |
| | 9000 | കെട്ടിടവാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | | |
| | 29106 | വണ്ടി വാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | | |
| | 26180 | ഭക്ഷണം | | | |
| ആകെ | 181686 | | | 2300 | |
| 334030/- | 93100 | ഹോണറേറിയം | മാർഗ്ഗരേഖക്ക് വിരുദ്ധം | 22000 | സൈനിക സ്കൂൾ പരീക്ഷക്ക് കുട്ടികളുടെ ഫീസ് അടച്ചത് |
| | 61602 | വണ്ടി വാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | 5000 | ക്ളീനിങ്ങ് പ്രവർത്തി |
| | 9000 | കെട്ടിടവാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | 224 | കറന്റ് ബിൽ |
| | 95827 | ഭക്ഷണം | മാർഗ്ഗരേഖക്ക് വിരുദ്ധം | 17648 | പ്രിന്റിങ്ങ് ആന്റ് സ്റ്റേഷനറി |
| | 18900 | യാത്രാചെലവ് | രേഖകൾ ഇല്ല | | |

| | | | | | |
|---|---|---|---|---|---|
| | 5900 | റൂം വാടക | ബില്ലിൽ ഹോട്ടലിന്റെ ലൊക്കേഷനോ ഫോൺ നമ്പരോ ഇല്ല കൂടാതെ തുക ലഭിച്ചതായി Paid സീൽ ഇല്ല..ജി.എസ്.ടി രജിസ്ട്രേഷൻ കാണുന്നുണ്ടെങ്കിലും ആയത് ഇനം തിരിച്ച് എഴുതിയിട്ടില്ല.വിശ്വാസയോഗ്യമല്ലെന്ന് വിലയിരുത്തുന്നു. | 2000 | മെഡിക്കൽ |
| | | | | 2829 | പഠനഉപകരണം |
| ആകെ | 284329 | | | 49701 | |
| 691875 | 231050 | ഹോണറേറിയം | മാർഗ്ഗരേഖക്ക് വിരുദ്ധം | 28635 | പ്രിന്റിങ്ങ് ആന്റ് സ്റ്റേഷനറി |
| | 246185 | ഭക്ഷണം | മാർഗ്ഗരേഖക്ക് വിരുദ്ധം | 460 | കറന്റ് ബിൽ |
| | 18000 | കെട്ടിടവാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | 50 | വാട്ടർബിൽ |
| | 167495 | വണ്ടി വാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | | |
| | 662730 | | | 29145 | |
| 420025 | 140250 | ഹോണറേറിയം | മാർഗ്ഗരേഖക്ക് വിരുദ്ധം | 335 | കറന്റ് ബിൽ |
| | 9000 | കെട്ടിടവാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | 64 | വാട്ടർബിൽ |
| | 78809 | വണ്ടി വാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | 5420 | സ്റ്റേജ് മൈക്ക് |
| | 152770 | ഭക്ഷണം | മാർഗ്ഗരേഖക്ക് വിരുദ്ധം | 5000 | ക്ളീനിങ്ങ് |
| | | | | 28377 | പ്രിന്റിങ്ങ് ആന്റ് സ്റ്റേഷനറി |
| | 380829 | | | 39196 | |
| 466471/- | 215000 | ഹോണറേറിയം | | 4400 | മെഡിക്കൽ ചെലവ് |
| | 69147 | വണ്ടി വാടക | | 7072 | പ്രിന്റിങ്ങ് ആന്റ് സ്റ്റേഷനറി |
| | 83080 | ഭക്ഷണം | | 122 | കറന്റ് ബിൽ |
| | 10500 | മുറി വാടക | ബില്ലിൽ ഹോട്ടലിന്റെ ലൊക്കേഷനോ ഫോൺ നമ്പരോ ഇല്ല കൂടാതെ തുക ലഭിച്ചതായി Paid സീൽ ഇല്ല..ജി.എസ്.ടി രജിസ്ട്രേഷൻ കാണുന്നുണ്ടെങ്കിലും ആയത് ഇനം തിരിച്ച് എഴുതിയിട്ടില്ല.വിശ്വാസയോഗ്യമല്ലെന്ന് വിലയിരുത്തുന്നു. | | |
| | 32400 | യാത്രാചെലവ് | ടിക്കറ്റ് വച്ചിട്ടില്ല | | |
| | 17750 | ടി എ | മാർഗ്ഗരേഖക്ക് വിരുദ്ധം | | |
| | 27000 | കെട്ടിടവാടക | മാർഗ്ഗരേഖക്ക് വിരുദ്ധം | | |
| ആകെ | 454877 | | | 11594 | |
| ആകെ നിരാകരിച്ച തുക | 1964451/- | | ആകെ തടസ്സപ്പെടുത്തിയ തുക | 131936/- | |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 166,172,173 എന്നിവ പ്രകാരമുള്ള പട്ടിക 3 പ്രകാരം ധനമാനേജ്മെന്റിൽ തദ്ദേശ സ്വയം ഭരണ അദ്ധ്യക്ഷൻമാരുടെ പൊതുവായ ഉത്തരവാദിത്വങ്ങളിൽ കൈമാറിക്കിട്ടിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരടക്കം എല്ലാ ഉദ്യോഗസ്ഥരുടെയും പ്രവർത്തികൾക്ക് പൊതുമേൽനോട്ടവും,എല്ലാ പണമിടപാടുകളും രേഖാമൂലം പരിശോധിച്ച് അംഗീകരിക്കുക എന്ന പ്രധാനചുമതല ഉൾപ്പെടുന്നു.എന്നാൽ കിനാവ് പദ്ധതിയിലെ യാത്രാചെലവ്,യാത്രാപ്പടി എന്നിവയുടെ ആധികാരികത പരിശോധിച്ചില്ല.കുട്ടികളെയും കൊണ്ട് 22.7.2021,25.7.2021 എന്നീ തിയ്യതികളിൽ തിരുവനന്തപുരത്ത് പോയതിന് യാത്രാചെലവായി 32400രൂപ

ചെലവഴിച്ചതിന്റെ രേഖകൾ വൗച്ചറിനൊപ്പമില്ല.കൂടാതെ തിരുവനന്തപുരത്ത് ഓം ടൂറിസ്റ്റ് ഹോമിൽ താമസിച്ച ബിൽ പരിശോധിച്ചപ്പോൾ ഒരു ടൂറിസ്റ്റ് ഹോമിന്റെ ബില്ലിൽ നിർബന്ധമായും വേണ്ട രേഖയായ ലൊക്കേഷൻ,ഫോൺനമ്പർ,ഇ-മെയിൽ ഐ ഡി എന്നിവയും സ്റ്റേറ്റ് ജി എസ് ടി,കേന്ദ്രജിഎസ് ടി മുഖാന്തിരം എടുത്ത തുകയുടെ വിശദാംശങ്ങൾ ഇല്ല.ബില്ലിൽ തമ്പാനൂർ എന്ന സ്ഥലപേർ തെറ്റിച്ചാണ് അച്ചടിച്ചിരിക്കുന്നത്.അതു കൊണ്ടുതന്നെ ബില്ലിന്റെ ആധികാരികത സംശയാസ്പദമാണ്.കൂടാതെ കോഓർഡിനേറ്ററായ ശ്രീ ഷിഹാബ് എഴുതിയെടുത്ത 17750 രൂപയുടെ ബില്ലുകളിൽ ടൂർഡയറി ഇല്ല.പദ്ധതി/സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇത്തരത്തിൽ യാത്രാപ്പടി നല്കുവാനും വ്യവസ്ഥയില്ല.മുൻവർഷങ്ങളായ 2019-2020,2020-2021വർഷങ്ങളിൽ യഥാക്രമം 37,77,767രൂപ,1866869/-രൂപ,ഓഡിറ്റ് വർഷം 2096387/-രൂപയടക്കം ആകെ 7741023 രൂപയാണ് ചെലവഴിക്കപ്പെട്ടത്.ഭൗതിക നേട്ടമായി ഇതു വരെ 23 കുട്ടികൾക്കാണ് സൈനിക സ്കൂളിലും,കേന്ദ്രീയവിദ്യാലയത്തിലും,അയ്യങ്കാളി മെമ്മോറിയൽ സ്കൂളിലുമായി പ്രവേശനം ലഭിച്ചത്.ഇവിടെയൊക്കെ പട്ടികവിഭാഗക്കാർക്ക് സംവരണം ഉള്ള കേന്ദ്രങ്ങളാണ്.പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പറയുന്ന കൊഴിഞ്ഞുപോക്ക് തടയാൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഗോത്രസാരഥി,കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണപരിപാടി എന്നിവ.ഇത്തരത്തിൽ സമാന്തരമായ പദ്ധതി ആവിഷ്കരിച്ചതിലൂടെ സർക്കാർ പദ്ധതികൾ പരാജയമാണെന്ന പരോക്ഷസൂചനയാണ് നല്കിയത്.ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായി രാജീവ്ഗാന്ധി റസിഡൻഷ്യൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്.അവരുമായി പദ്ധതി ചേർത്തിരുന്നവെങ്കിൽ മുറിവാടകയായി ഭീമമായ സംഖ്യ നല്കിയത് ഒഴിവാക്കാമായിരുന്നു.കൂടാതെ അവിടുത്തെ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താമായിരുന്നു.ഇത് നൂതനപ്രോജക്ടിലെ മേൽ സൂചിപ്പിച്ച 5ാം വ്യവസ്ഥയുടെ ലംഘനമാണ്.

സ.ഉ.(കൈ)നം.11/2018/തസ്വഭവ,തിരുവനന്തപുരം,തിയ്യതി.29-01-2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഖണ്ഡിക 3-5.1(2)പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ വർക്കിങ്ങ് ഗ്രൂപ്പിന്റെ സഹായത്തോടെ സുലേഖസോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടുന്ന ചുമതല അതാത് വിഷയ മേഖലയുടെ നിർവ്വഹണഉദ്യോഗസ്ഥനാണ്. ഇവിടെ ആ ചുമതല നിർവ്വഹിക്കേണ്ട നിർവ്വഹണഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്ററാണ്.നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിച്ചിട്ടുള്ള യൂസർനെയിം പാസ്സ് വേർഡ് മുഖാന്തിരമേ പ്രോജക്ട് ഡാറ്റാഎൻട്രി വരുത്തുവാനും ഭേദഗതി വരുത്തുവാനും പാടുള്ളൂ. ഏതൊരു വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശമായിരുന്നാലും പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള ഏൽപ്പിക്കപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥനാണ് ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഒന്നും തന്നെ വർക്കിങ്ങ് ഗ്രൂപ്പിൽ നിന്നുള്ള നിർദ്ദേശത്തിന്റെ ഭാഗമായി വന്നതല്ലെന്നും ആ കാലയളവിലുണ്ടായിരുന്ന ഹെഡ്മാസ്റ്റർമാർ ചുമതല ഏറ്റെടുത്ത ഉടനെ ഈ പ്രോജക്ടിന്റെ ചുമതല തയ്യാറാക്കി ഭരണസമിതി ഇവരെ നിർവ്വഹണം നടത്താൻ ഏൽപ്പിക്കുകയാണെന്നുമാണ് ഓഡിറ്റിൽ വാക്കാൽ വിശദീകരിച്ചത്.ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വാക്കാൽ മാത്രമാണ് ലഭിച്ചതെന്നും അവർ കൂട്ടിച്ചേർത്തു. 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 185എ(1)(5)പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അധികാരികൾ ഉദ്യോഗസ്ഥർക്ക് വാക്കാൽ നല്കുന്ന നിർദ്ദേശങ്ങൾ സ്ഥിരീകരിക്കുന്നതിന് മുമ്പ് നിർവ്വഹണഉദ്യോദസ്ഥൻ രേഖാമൂലം സ്ഥിരീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.ഈ വ്യവസ്ഥക്ക് വിരുദ്ധമായ നടപടിയാണ് നിർവ്വഹണഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായത്.

2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും)ചട്ടങ്ങളിലെ ചട്ടം7(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും എതൊരു നടപടിക്കും അതത് സംഗതിപോലെ തെരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്.ഇവിടെ സ.ഉ.(കൈ)നം11/2018/തസ്വഭവ തിരുവനന്തപുരം തിയ്യതി 29-1-2018 ഖ.3.8.4(i,ii,iii,iv,v) പ്രകാരമുള്ള മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് 23-03-2022 ൽ ചേർന്ന 2/1 നമ്പർ തീരുമാനം എടുത്ത 17 ഭരണസമിതി അംഗങ്ങളും അതിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനും,പദ്ധതി വെറ്റ് ചെയ്ത എ ഇ ഒ ശ്രീമതി റോസ് മേരിയും മേൽ അപാകത മൂലമുണ്ടായ നഷ്ടത്തിന് കൂട്ടുത്തരവാദികളാണ്.സ.ഉ(കൈ)നം.11/2018/തസ്വഭവ തിരു.29-1-2018 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.3(1)(2 ) പ്രകാരം വെറ്റിങ്ങ് ഓഫീസർ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും ,കേ.പ.രാജ് നിയമം (1994)പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ചുമതലയിൽ വരുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയെതെന്ന ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ ഈ മാർഗ്ഗരേഖക്ക് വിരുദ്ധമായ ഈ പ്രോജക്ട് അംഗീകരിച്ചപ്പോൾ ഈ പ്രോജക്ട് മാർഗ്ഗരേഖക്ക് വിരുദ്ധമാണോ എന്ന പരിശോധന നടത്തിയില്ല.ഇതുമായി ബന്ധപ്പെട്ട് നല്കിയ 23/2-3-2023ാം അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല.മേൽ അപാകതയുടെ അടിസ്ഥാനത്തിൽ ചെലവ്തുകയായ 1964451/- രൂപ 17 ഭരണസമിതി അംഗങ്ങൾ, നിർവ്വഹണഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ,വെറ്റിങ്ങ് ഓഫീസർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദമായ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർചാർജ്ജ് ഉൾപ്പെടെയുള്ള തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-15 ചാണകം ഉണക്ക് യന്ത്രം-നിലവിൽ പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിലെ വീട്ടുകളിൽ നിന്ന് മഴക്കാലത്ത് ചാണകം ഉണക്കിപ്പൊടിയാക്കി വിതരണം നടത്താൻ ലക്ഷ്യമിട്ട് നൂതന പദ്ധതിയിൽ ഉൾപ്പെടുത്തി ചാണക ഉണക്ക് യന്ത്രം SEPCOM 045/065 കമ്പനിയിൽ നിന്ന് വാങ്ങി(ഇൻവോയിസ് നമ്പർ 202/14.01.2022). യന്ത്രത്തിന്റെ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

1.) Mobile Dung De Watering Machine

2) 3 Phase Motor 15KVA Generator

3) 1 Hp Slurry Pump.

4) Weighing Balance Digital Up To 100Kg

5) Connecting Suction Pump

പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ചാണകം ഉണക്ക് യന്ത്രം |
| പ്രോജക്ട് നമ്പർ | 203/21-22 |
| അടങ്കൽ | 3000000/- |
| ചെലവ് | 2959696/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ഫണ്ട് | ധനകാര്യകമ്മീഷൻ അവാർഡ് |
| വൗച്ചർ നമ്പർ/തിയ്യതി | XVFC/2021-22 /p/6=29.12.2021=2651378/-<br>XVFC/2021-22 /p/57=4.2.2022=308318 |

ഇ -ടെണ്ടർ മുഖാന്തിരം 6-11-2021 ൽ വാങ്ങിയ യന്ത്രം 7-7-2022 നാണ് ക്ഷീരമേഖല വികസന സംഘം നൂൽപ്പുഴയുടെ പ്രസിഡന്റായ ശ്രീ.റെജി വെറ്ററിനറി സർജനിൽ നിന്ന് ഏറ്റുവാങ്ങിയത്. വാങ്ങിയതിന് ശേഷം 8 മാസത്തോളം നിഷ്ക്രിയആസ്തിയായി യന്ത്രം സൂക്ഷിക്കപ്പെട്ടു. പ്രതിമാസ വാടകയായി 10400/-രൂപ എല്ലാ മാസവും 20ാം തിയ്യതിക്കുമുമ്പ് പഞ്ചായത്തിൽ അടക്കണമെന്നും,ലോഗ്ബുക്ക് സൂക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.എന്നാൽ നാളിതുവരെ തുക അടവാക്കിയിട്ടില്ല. 2-3-2023ൽ ശ്രീ.റെജിയുടെ വീട്ടിൽ സൂക്ഷിച്ച യന്ത്രം നിർവ്വഹണോദ്യഗസ്ഥനായ വെറ്ററിനറി ഡോക്ടറുമായി നേരിൽ പരിശോധിച്ചതിൽ ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ലെന്ന് കണ്ടെത്തി. യന്ത്രം ഏറ്റെടുത്ത ശേഷം അത് ശരിയായ രീതിയിൽ പ്രവർത്തിച്ചില്ലെന്ന് ശ്രീ.റെജി പറയുകയുണ്ടായി. കരാർ വ്യവസ്ഥകളുടെ ലംഘനത്തിനും,യന്ത്രം നിഷ്ക്രിയആസ്തിയായതിനും വിശദീകരണം നല്കേണ്ടതാണെന്ന 24/02.03.2023-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിക്കായി ചെലവഴിച്ച 29,59,696 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 പൊതുജനാരോഗ്യകേന്ദ്രം,വെറ്ററിനറി ഹോസ്പിറ്റൽ എന്നിവയുടെ പ്രവർത്തനം മാതൃകാപരം

ഓഡിറ്റ് വർഷം പൊതുജനാരോഗ്യകേന്ദ്രത്തിൽ ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.അതിൽ ആർദ്രം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രധാനമായ ജീവിതശൈലീരോഗങ്ങളുടെ ഉറവിടമായ വ്യായാമമില്ലായ്മ പരിഹരിക്കുവാൻ പുരുഷൻമാർക്കും സ്ത്രീകൾക്കുമായി ഫിറ്റ്നെസ് സെന്ററുകൾ,കുട്ടികൾക്കുള്ള ഫീഡിങ്ങ് കേന്ദ്രം,ഫിസിയോതെറാപ്പി യൂണിറ്റ്,കണ്ണ് പരിശോധനകേന്ദ്രം,ദന്തൽക്ലിനിക്ക് എന്നിവ നല്ല രീതിയിൽ പൊതുജനങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്നു.വെറ്ററിനറി ക്ലിനിക്കിൽ മൃഗങ്ങളുടെ രോഗനിർണ്ണയത്തിനായി രക്തപരിശോധനക്ക് സുസജ്ജമായ ലാബ് സൗകര്യം,വരുന്നവർക്ക് കാത്തിരിപ്പ് കേന്ദ്രം,കോഫീവെൻഡിങ്ങ് മെഷീൻ,സോളാർ പാനലുകൾ എന്നിവ നല്ല രീതിയിൽ പരിപാലിച്ചിരിക്കുന്നു.വളരെ നല്ല പ്രവർത്തനമാണ് ഈ രണ്ടു സ്ഥാപനങ്ങളും നടത്തുന്നത്.

## 1-17 ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടും ആസ്തിരജിസ്റ്റർ പൂർണ്ണമല്ല.

തൻവർഷം പഞ്ചായത്ത് ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കിയിട്ടും രജിസ്റ്റർ ഗുണപ്രദമായിട്ടില്ല.

പ്രോജക്ട് നമ്പർ -248/22

പ്രോജക്ട്- ആസ്തിരജിസ്റ്റർ കാലികമാക്കൽ

നിർവഹണം-സെക്രട്ടറി

ചെലവ്-300000

തുക30.03.22 ന് ശ്രീ സി.വി.ജോയിയുടെ അക്കൗണ്ടിലേക്ക് (Ac No.57068339022,IFSC-SBIN 0070193) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഫണ്ട്-തനതുഫണ്ട്-

ടെണ്ടർ പ്രകാരം സി.വി.ജോയ് എന്നയാളെയാണ് പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത്.പ്രോജക്ട് പ്രകാരവും കരാറുകാരനുമായി വെച്ച എഗ്രിമെന്റ് പ്രകാരവും ചെയ്യേണ്ട പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും റോഡുകൾ,നടവഴികൾ,അങ്കണവാടികൾ,ആശുപത്രികൾ,ബസ് സ്റ്റാൻഡുകൾ,ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങളും കളിസ്ഥലങ്ങൾ പോലുള്ള ഭൂസ്വത്തുക്കളും എല്ലാ കുടിവെള്ളപദ്ധതി കിണറുകളും അവയുടെ ടാങ്കുകളും പഞ്ചായത്തിലെ മറ്റ് ആസ്തികളും പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം രേഖപ്പെടുത്തി സ്കെയിലുള്ള മാപ്പാക്കി A0 സൈസിലുള്ള ഹാർഡ് കോപ്പിയായും ഓട്ടോ കാഡിലുള്ള സോഫ്റ്റ് കോപ്പിയായും നൽകണം.

ഓഡിറ്റിന് ഹാജരാക്കിയ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്രകാരമുള്ള നടപടികൾ പാലിച്ചാണോ രജിസ്റ്റർ തയ്യാറാക്കിയത് എന്ന് വ്യക്തമല്ല.പഞ്ചായത്ത് വിവിധ വാങ്ങലുകളിലൂടെ ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെട്ട് കാണുന്നില്ല.തയ്യാറാക്കിയ ആസ്തിരജിസ്റ്റർ പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.കാലികമാക്കിയ ആസ്തിരജിസ്റ്ററിൽ .നിർമ്മാണവർഷം ,ആസ്തികളുടെ മൂല്യം തുടങ്ങി ആസ്തികൾ വേർതിരിച്ചറിയാൻ വേണ്ട വിവരങ്ങളൊന്നും ചേർത്തിട്ടില്ല.സചിത്രസോഫ്റ്റ് വെയറിൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം. 6/21-22തീയതി 27.02.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 കുഴൽക്കിണർ നിർമ്മാണത്തിന് തുക നൽകി-പൂർത്തീകരണവിവരങ്ങൾ ഇല്ല.

തൻവർഷം കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനായി രണ്ടുപ്രോജക്ടുകളിലായി 1193575 രൂപ ഭൂജലവകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

1.പ്രോജക്ട് നമ്പർ -387/22

പ്രോജക്ട്- കുഴൽക്കിണർ നിർമ്മാണത്തിന് തുക കൈമാറൽ

നിർവഹണം-സെക്രട്ടറി

ചെലവ്-511875

എഗ്രിമെന്റ് നമ്പർ-23/21-22/31.03.22

വെബ് സാംഖ്യയിലും സുലേഖ സോഫ്റ്റ് വെയറിലും 31.03.22 ന് ചെലവ് കാണിച്ചിരിക്കുന്ന തുക യഥാർത്ഥത്തിൽ കൈമാറിയത് 15.06.22 ന് 173/22-23 ബിൽപ്രകാരമാണ്.

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്.

താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് ഈ പദ്ധതി പ്രകാരം കുഴൽക്കിണർ കുഴിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

1.കണാൽ കള്ളാടിക്കൊല്ലി മാളുവിന്റെ വീടിന് സമീപം

2.കുളകുന്ന് കോളനി

3.മാലങ്കാപ്പ് കുറുമകോളനി

4.ഓടപ്പള്ളം പണിയകോളനി

5.കുമ്പ്രംകൊല്ലി പണിയകോളനി

2.പ്രോജക്ട് നമ്പർ -225/22

പ്രോജക്ട്- കാരാറ്റുകുനി പണിയ കോളനി,മമ്മതംപാളി പണിയ കോളനി,കല്ലൂർ 66 കാദർ കോളനി,ചുണ്ടപ്പാടി പണിയ

കോളനി,674 സെന്റ് കോളനി എന്നിവിടങ്ങളിൽ കുഴൽക്കിണർനിർമ്മാണത്തിന് തുക കൈമാറൽ

നിർവഹണം-സെക്രട്ടറി

ചെലവ്-681700

എഗ്രിമെന്റ് നമ്പർ-9/21-22/07.02.22

വൗച്ചർനമ്പർ-22100944/11.02.22

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്.

മേൽപ്രൊജക്ടുകളിലുൾപ്പെടുത്തി കുഴൽക്കിണറുകൾ നിർമ്മിച്ചോയെന്ന വിവരം ഫയലിൽ ഇല്ല.വിനിയോഗസാക്ഷ്യപത്രവും ഫയലിൽ ഇല്ല.ഓഡിറ്റ് എൻക്വയറി .നം. 7/21-22തീയതി 27.02.23പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല .പദ്ധതികളുടെ തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-19 സാഫല്യം ഭവന നിർമ്മാണപദ്ധതി-ലോൺ തിരിച്ചടവിൽ അപാകതകൾ.

നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി ഭവന പദ്ധതി നടപ്പാക്കുന്നതിന് അനുമതിക്കായി 2013-14 വർഷം ഗ്രാമ പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷ നൽകുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.03.13 തീയതിയിലെ നമ്പർ സ.ഉ.(എം.എസ്)നം 83/13/തസ്വഭവ നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് (സായാഹ്നശാഖ) -ൽ നിന്നും 2,00,00,000/- രൂപ 12.5% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വയനാട് ജില്ലാ സർവ്വീസ് സഹകരണ (സായാഹ്നശാഖ) ബാങ്കുമായി വായ്പ വിതരണത്തിനായി 20.12.2014 തീയതിൽ കരാറിൽ ഏർപ്പെട്ടു. കരാർ ഉടമ്പടി വ്യവസ്ഥ 6 പ്രകാരം ഗ്രാമ പഞ്ചായത്ത് 12.5% നിരക്ക് പലിശ സഹിതം 10 വർഷത്തിനകം വായ്പ തിരിച്ചടക്കേണ്ടതാണ്. ഭവന വായ്പ തുക മുതൽ പദ്ധതി പണത്തിൽ നിന്നും പലിശ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് തിരിച്ചടക്കേണ്ടത്.(സ.ഉ(എം.എസ്) നം.83/13/തസ്വഭവ തീയതി 11.03.2013)

പഞ്ചായത്ത് ലോൺ എടുത്തത് ഇപ്രകാരമാണ്.

പട്ടിക -1

| തീയതി | എടുത്ത തുക |
|---|---|
| 31.12.2014 | 50,00,000 |
| 23.02.15 | 50,00,000 |
| 22.04.15 | 50,00,000 |
| 24.08.15 | 10,00,000 |
| 28.10.15 | 10,00,000 |
| 07.01.2016 | 5,00,000 |
| 15.02.16 | 5,00,000 |
| 22.08.16 | 5,00,000 |
| 20.01.17 | 3,00,000 |

| | |
|---|---|
| 09.03.17 | 2,00,000 |
| ആകെ | 1,90,00,000 |

2014-15 സാമ്പത്തിക വർഷം മുതൽ സാഫല്യം ഭവന വായ്പ തിരിച്ചടവിന് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തുന്നുണ്ട്.

തുക തിരിച്ചടച്ചത് ഇപ്രകാരമാണ്.(ലോൺ രജിസ്റ്റർ പ്രകാരവും പഞ്ചായത്തിൽ സൂക്ഷിച്ചത് പ്രകാരവും)

പട്ടിക -2

| വർഷം | അടച്ച തീയതി | പ്രോജക്ട് നമ്പർ | തിരിച്ചടച്ച തുക | | മുതലിനത്തിൽ അടച്ചത് | പലിശയിനത്തിൽ അടച്ചത് | പിഴപ്പലിശ അടച്ചത് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വികസനഫണ്ട് | തനതുഫണ്ട് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 2014-15 | 02.03.15 | 463/15 | | 117332 | | 111302 | 849 | 117332 രൂപ അടച്ചതിൽ 111302 രൂപ വരവ് വെച്ചിട്ടുണ്ട്.849 രൂപ പിഴപ്പലിശയായി ഈടാക്കികാണുന്നു.ബാക്കി തുക,5181 രൂപ ഏതിനത്തിൽ വരവ് വെച്ചുവെന്ന് വ്യക്തമല്ല. |
| 2014-15 | 06.04.15 | 464/15 | 1773939 | | 1665214 | 108725 | | |
| 2015-16 | 14.09.15 | 7/16 | 2300000 | | 1860424 | 439549 | 27 | |
| | 17.02.16 | - | 834374 | | 834374 | | | ലോൺ സ്റ്റേറ്റ്മെന്റിലും രജിസ്റ്ററിലും തുക അടച്ചതായ് കാണുന്നുവെങ്കിലും പ്രോജക്ട് പ്രകാരം ഈ തുക അടവാക്കിയത് കാണുന്നില്ല. |
| | 19.03.16 | 7/16 | 881394 | | | 881394 | | |
| 2015-16 | 19.03.16 | 7/16 | 235000 | | | 235000 | | |
| 2016-17 | 10.01.17 | 107/17 | 1985000 | | 522625 | 1459106 | 3269 | |
| 2017-18 | 03.07.17 | 353/18 | 2000000 | | 1112223 | 887777 | | |
| | 22.03.18 | 353/18 | 800000 | | | 800000 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2017-18 | 22.03.18 | 4/18 | 2000000 | | 1766015 | 221898 | 12087 | |
| 2018-19 | 16.04.18 | - | | 100000 | | 100000 | | ലോൺ സ്റ്റേറ്റ്മെന്റിലും രജിസ്റ്ററിലും തുക അടച്ചതായ് കാണുന്നുവെങ്കിലും പ്രോജക്ട് പ്രകാരം ഈ തുക അടവാക്കിയത് കാണുന്നില്ല. |
| | 28.05.18 | - | | 800000 | 770402 | 29598 | | ലോൺ സ്റ്റേറ്റ്മെന്റിലും രജിസ്റ്ററിലും തുക അടച്ചതായ് കാണുന്നുവെങ്കിലും പ്രോജക്ട് പ്രകാരം ഈ തുക അടവാക്കിയത് കാണുന്നില്ല. |
| | 28.05.18 | 6/19 | 1500000 | | 1500000 | | | |
| | 26.03.19 | 6/19 | 800000 | | | 798353 | 1647 | |
| 2019-20 | 20.12.19 | 4/20 | 1000000 | | 638147 | 361853 | | |
| 2020-21 | 21.12.19 | 4/20 | | 650000 | 650000 | | | |
| | 24.04.20 | 4/20 | | 996451 | 795505 | 200946 | | |
| | 31.03.20 | 210/21 | 450000 | | | 450000 | | |
| | 23.04.20 | 210/21 | 436559 | | | 421944 | 14615 | |
| | 02.05.20 | 210/21 | 450000 | | 450000 | | | |
| 2020-21 | 26.06.20 | 3/21 | 2283000 | | 2283000 | | | |
| 2021-22 | 02.08.21 | 178/22 | 2500000 | | 1887037 | 607774 | 5189 | |
| | 02.08.21 | 178/22 | | 227802 | | 223145 | 4657 | |
| 2022-23 | 20.09.22 | 6/23 | 2600000 | | 2600000 | | | |
| | 05.01.23 | 178/23 | | 150000 | | 150000 | | |
| | 05.01.23 | 178/23 | | 77000 | | 77000 | | |
| | | | 24829266 | 3118585 | 19334966 | 8565364 | 42340 | |

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് പലിശ ഈടാക്കിയത് ഇപ്രകാരമാണ്. (ലോൺ അക്കൗണ്ട് നമ്പർ- 130046035720001, വയനാട് ജില്ലാ സഹകരണബാങ്ക് , സുൽത്താൻ ബത്തേരി ബ്രാഞ്ച്. സായാഹ്നശാഖ-നിലവിൽ കേരളബാങ്ക്)

പട്ടിക -3

| തീയതി | ഈടാക്കിയ പലിശ |
|---|---|
| 31.01.15 | 54795 |
| 28.02.15 | 58219 |
| 31.03.15 | 106164 |
| 30.06.15 | 849 |
| 13.07.15 | 439549 |
| 29.02.16 | 1057774 |

| | |
|---|---|
| 19.03.16 | 100395 |
| 28.03.16 | 55726 |
| 30.04.16 | 140753 |
| 31.05.16 | 146935 |
| 30.06.16 | 143701 |
| 30.07.16 | 150012 |
| 31.08.16 | 153308 |
| 30.09.16 | 153404 |
| 31.10.16 | 160141 |
| 30.11.16 | 155715 |
| 31.12.16 | 160905 |
| 31.01.17 | 152521 |
| 06.02.17 | 28597 |
| 28.02.17 | 104857 |
| 25.03.17 | 120320 |
| 31.03.17 | 29008 |
| 29.04.17 | 145041 |
| 31.05.17 | 149876 |
| 30.06.17 | 145041 |
| 31.07.17 | 132862 |
| 31.08.17 | 131689 |
| 28.09.17 | 127441 |
| 28.02.18 | 641451 |
| 31.03.18 | 127300 |
| 26.02.19 | 1058700 |
| 28.02.19 | 10288 |
| 31.03.19 | 103605 |
| 21.12.19 | 737554 |
| 29.02.20 | 247784 |
| 30.03.20 | 84816 |
| 31.03.20 | 2736 |
| 26.02.21 | 557730 |
| 31.03.21 | 50044 |
| 28.02.22 | 359716 |
| 02.11.22 | 196538 |
| 05.01.23 | 1719 |
| ആകെ | 8685579 |

വികസനഫണ്ടിൽ നിന്നും വായ്പാതിരിച്ചടവ് വരുത്തിയത് മുതലിൽ മാത്രം വരവ് വെച്ചിരുന്നെങ്കിൽ അടക്കേണ്ടിയിരുന്ന പലിശ ഇപ്രകാരമാണ്.

പട്ടിക-4

| വർഷം | വായ്പാതുക | വികസനഫണ്ടിൽ നിന്നും തിരിച്ചടച്ച തുക | മുതൽ നീക്കിയിരിപ്പ് | ബാക്കിനിൽക്കുന്ന മുതലിനനുസരിച്ചുള്ള പലിശ |
|---|---|---|---|---|
| 2014-15 | 10000000 | 1773939 | 8226061 | 217466 |

| | | | | |
|---|---|---|---|---|
| 2015-16 | 8000000 | 4250768 | 11975293 | 1768840 |
| 2016-17 | 1000000 | 1985000 | 10990293 | 1545165 |
| 2017-18 | | 4800000 | 6190293 | 1373787 |
| 2018-19 | | 2300000 | 3890293 | 773787 |
| 2019-20 | | 1000000 | 2890293 | 486287 |
| 2020-21 | | 3619559 | (-)729266 | 361287 |
| 2021-22 | | 2500000 | (-)3229266 | |
| 2022-23 | | 2600000 | (-)5829266 | |
| ആകെ | 19000000 | 24829266 | | 6526619 |

ലോൺ അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം പലിശത്തുക തനതുഫണ്ടിൽ നിന്ന് അടക്കേണ്ടതാണ്. എന്നാൽ മതിയായ തനത് ഫണ്ട് ഉണ്ടായിരുന്നിട്ടും തിരിച്ചടക്കേണ്ട പലിശ ബാധ്യത തിരിച്ചടക്കാതിരുന്നതിനാൽ പഞ്ചായത്തിന് അധിക സാമ്പത്തികബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്. 2014-15 മുതൽ 2022-23 വരെ വിവിധ പദ്ധതിക്കായി മിച്ച തനത് ഫണ്ടായി തുക വകയിരുത്തുകയും ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക. 5

| വർഷം | മിച്ച തനത് ഫണ്ട് ഉപയോഗിച്ചുള്ള ആകെ പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | വാർഷിക പദ്ധതിച്ചെലവ് കണക്ക് പ്രകാരം വർഷാവസാനം ചെലവഴിക്കാതെ ബാക്കിയുള്ള തനതുഫണ്ട്. |
|---|---|---|---|
| 2014-15 | 3482977 | 1697931 | 1785046 |
| 2015-16 | 3870760 | 1333078 | 2537682 |
| 2016-17 | 1409711 | 117675 | 1292036 |
| 2017-18 | 1092500 | 0 | 1092500 |
| 2018-19 | 9109215 | 1262461 | 7846754 |
| 2019-20 | 5412891 | 2848614 | 2564277 |
| 2020-21 | 9444615 | 5330440 | 4114175 |
| 2021-22 | 3253908 | 2332750 | 921158 |
| 2022-23 | 3529071 | 2451254 | 1077817 |

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.28.02.22 മുതൽ 27.09.22 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമായിട്ടില്ല.

2.ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ആകെ 19000000 രൂപ വായ്പ ഇനത്തിൽ ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. ലോൺ തിരിച്ചടവിലേക്കായി വികസനഫണ്ടും തനതുഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. മതിയായ തനതുഫണ്ട് ലഭ്യമായിരുന്നിട്ടും പലിശതുക യഥാസമയം അടയ്ക്കാൻ നടപടിയെടുത്തിട്ടില്ല.

3. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 19000000 രൂപ ലോൺ എടുത്തത് തിരിച്ചടക്കാൻ വികസനഫണ്ടിൽ നിന്നും 24829266 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും മുതൽ മാത്രമാണ് വികസനഫണ്ടിൽ നിന്നും തിരിച്ചടക്കാവുന്നത്. അതിനാൽ 58,29,266 രൂപ വികസനഫണ്ടിൽ നിന്നും അധികം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

4.ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം(ഓഡിറ്റിന് ഹാജരാക്കിയ ലോൺ അക്കൗണ്ട് നമ്പർ-130046035720001,വയനാട് ജില്ലാ സഹകരണബാങ്ക് ,സുൽത്താൻ ബത്തേരി ബ്രാഞ്ച്. സായാഹ്നശാഖ-നിലവിൽ കേരളബാങ്ക്) പലിശ ഈടാക്കിയത് 8685579 രൂപയും പിഴപ്പലിശ ഈടാക്കിയത് 42340 രൂപയുമാണ്.19000000 രൂപ ലോൺ തിരിച്ചടക്കുന്നതിന് മുതലും പലിശയുമായി ആകെ 27947851 രൂപ തിരിച്ചടച്ചിട്ടുണ്ട്.അതായത് പലിശയിനത്തിൽ 8947851 രൂപ ഈടാക്കിയിട്ടുണ്ട്. 8685579 രൂപയും പിഴപ്പലിശ ഈടാക്കിയത് 42340 രൂപയും കഴിച്ച് 219932 രൂപ ബാങ്ക് കൂടുതലായി ഈടാക്കിയിട്ടുണ്ട്.ഇത് ഏതിനത്തിൽ ആണെന്ന് വ്യക്തമല്ല.

5.പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം മുതലിനത്തിൽ മാത്രം വരവ് വെക്കേണ്ടതായിരുന്നു. ഈയിനത്തിൽ വരവ് വെച്ചിരുന്നെങ്കിൽ ആകെ ഒടുക്കേണ്ടിയിരുന്ന പലിശ (പട്ടിക 4 കാണുക) 6526619 രൂപ മാത്രമായിരുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ് മെന്റ് പ്രകാരം 8685579 രൂപ (പട്ടിക 3 കാണുക) പലിശ

അടച്ചിട്ടുണ്ട്. തനതുഫണ്ട് ലഭ്യമായിട്ടും യഥാസമയം പലിശയടക്കാത്തതിനാൽ മാത്രം പഞ്ചായത്തിനുണ്ടായ അധികബാധ്യത 2158960 (8685579 -6526619) രൂപയാണ്.

6. ഓരോ വർഷവും പലിശ കണക്കുകൾ ബാങ്കിൽ നിന്ന് വാങ്ങുകയോ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് ഉപയോഗിച്ച് പലിശ തുക യഥാസമയം തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് തന്നെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 42340 രൂപ പിഴപ്പലിശ ഈടാക്കിയതായി കാണുന്നു.

7.വായ്പ സംബന്ധിച്ച രേഖകളും ലോൺ രജിസ്റ്ററും ക്രമീകരിച്ച് സൂക്ഷിച്ചിട്ടില്ല.രണ്ട് കോടി എടുക്കുന്നതിന് അനുവാദം ലഭിച്ചിരുന്നുവെങ്കിലും 19000000 രൂപയാണ് എടുത്തതായി കാണുന്നത്. എന്നാൽ എത്ര തുക എടുത്തുവെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.തിരിച്ചടച്ച മുഴുവൻ തുകയുടെ വിവരങ്ങളും രേഖപ്പെടുത്തി, അടച്ച തുകയുടെ കൃത്യത പരിശോധിച്ചിട്ടില്ല.

8.ഓരോ വർഷവും തനതുഫണ്ട് നീക്കിയിരിപ്പ് ഉണ്ടായിരുന്നിട്ടുപോലും പലിശയടക്കുവാൻ തുക വകയിരുത്തിയിട്ടില്ല.ആയതിനാൽ ലോൺ പലിശ വികസനഫണ്ടിൽ നിന്നും അടച്ചത് അംഗീകരിക്കാനാവില്ല.

ഓഡിറ്റ് എൻക്വയറി.നം. 14 /21-22തീയതി 02.03.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ലോൺ സംബന്ധിച്ച രേഖകൾ പരിശോധിച്ച് അടച്ച തുകയുടെയും എടുത്ത തുകയുടെയും പലിശ അടച്ചതിന്റെ വിവരങ്ങളും ക്രമീകരിക്കേണ്ടതാണ്.വികസനഫണ്ടിൽ നിന്നും അധികം അടച്ച 5829266 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ അടക്കേണ്ടതാണ്. പിഴപ്പലിശ അടച്ച തുക 42340 രൂപയും പലിശയിനത്തിൽ അധികം അടച്ച 2158960രൂപയും ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.ബാങ്ക് അധികമായി ഈടാക്കിയ 219932 രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

### 1-20 ട്രൈബൽ മ്യൂസിയം- ചുമതലയിൽപ്പെടാത്ത പദ്ധതി നടപ്പാക്കി.

തൻവർഷം ട്രൈബൽ മ്യൂസിയം ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിലുൾപ്പെടുത്തി ജില്ലാ നിർമ്മിതികേന്ദ്രക്ക് 10 ലക്ഷം രൂപ നൽകി.

പ്രോജക്റ്റ് വിവരങ്ങൾ ഇപ്രകാരമാണ്.

പ്രോജക്റ്റ് നമ്പർ-327/22

പ്രോജക്റ്റ്- ട്രൈബൽ മ്യൂസിയം ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തലും തുടർപരിപാലനവും.

വകയിരുത്തിയ തുക-10 ലക്ഷം,നിർവഹണം-സെക്രട്ടറി

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

തൻവർഷം ചെലവഴിച്ച തുക-8 ലക്ഷം

ബിൽ നമ്പർ Lതീയതി-36/21-22/14.03.22-200000

43/21-22/27.03.2022-600000

പ്രോജക്റ്റ് പ്രകാരമുള്ള ബാക്കി തുക നൽകിയത് 22-23 വർഷം ആണ്.

1994ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166(1) മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ മ്യൂസിയം നടത്തിപ്പ് വരുന്നില്ല.സർക്കാർ ഉത്തരവുകൾ പ്രകാരം മ്യൂസിയം നടത്തിപ്പ് കേരളമ്യൂസിയം എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

മുൻപ് എം.എൽ.എ.ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മിതി കേന്ദ്ര നിർമ്മിച്ചുനൽകിയ കെട്ടിടത്തിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് നിർമ്മിതികേന്ദ്രക്ക് തുക കൈമാറിയിട്ടുള്ളത്. നിലവിൽ കെട്ടിടം പണിതീർത്ത് ഗോത്രമ്യൂസിയത്തിനുള്ള പൈതൃകവസ്തുക്കൾ സജ്ജീകരിച്ചിട്ടുണ്ട്.തുടർനടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളൊന്നും നിലവിലും ആസൂത്രണം ചെയ്തിട്ടില്ല.




പണിതീർത്ത കെട്ടിടവും ഉൾഭാഗത്ത് ക്രമീകരിച്ചിരിക്കുന്ന പൈതൃകസാധനങ്ങളും

ഓഡിറ്റ് എൻക്വയറി.നം. 5/21-22തീയതി 27.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പ്രദർശനവസ്തുക്കൾ ഒരുക്കിയിട്ടുള്ളതിനാൽ സർക്കാർ അനുവാദത്തോടെ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-21 അങ്കണവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽപോരായ്മ.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 41 അങ്കണവാടികൾ ഉള്ളതിൽ 13 അങ്കണവാടികൾക്കും ഫിറ്റ് നെസ്സ് ഇല്ലാത്തവയാണ്.കെട്ടിടങ്ങൾ ഫിറ്റ് ആക്കുന്നതിന് നിലവിൽ നടക്കുന്ന പ്രവർത്തനങ്ങളും അപര്യാപ്തമാണ്.എല്ലാ കെട്ടിടങ്ങളും റിപ്പയർചെയ്ത് ഫിറ്റ് ആക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല.10 അങ്കണവാടികളിൽ കുടിവെള്ളം ഇല്ല.14 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല. ഓഡിറ്റ് എൻക്വയറി നം.4/21-22/25.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നൽകിയ മറുപടിയിൽ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 അനുപൂരകപോഷകാഹാരവിതരണ പദ്ധതി- വില താരതമ്യം ചെയ്യുന്നില്ല.

അനുപൂരകപോഷകാഹാരവിതരണപദ്ധതിക്കായി 2020-21 വർഷം വരെ നോർത്ത് മലബാർ ജില്ലാ കോപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 2021-22 വർഷം മുതൽ ജീവധാരാ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നുമാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിയിരുന്നത്. താഴെപ്പറയുന്ന ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യവസ്തുക്കളുടെ വില ,സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ തൻമാസത്തെ വിലയുമായി താരതമ്യം ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ-109/22

ഫണ്ട്-വികസനഫണ്ട്-ജനറൽ

വകയിരുത്തിയ തുക-5284595

നിർവഹണം-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ബിൽ നമ്പർ/ തീയതി-3/14.06.21-₹1469148

30.01.2021,24.03.2021 എന്നീ തീയതികളിൽ വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിലയാണ് മേൽ ബിൽപ്രകാരം പിൻവലിച്ച് നോർത്ത് മലബാർ ജില്ലാ കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയത്.ബില്ലിനോടൊപ്പം ഹാജരാക്കിയ സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ഇൻവോയിസിൽ താഴെപ്പറയുന്ന ഇനങ്ങളുടെ വില ഇല്ല.

ഇൻവോയിസ് നമ്പർ-CREDIT 321/21/30.01.21

| ഇനം | അളവ്(Kg) | വില | ആകെ |
|---|---|---|---|
| നുറുക്ക് ഗോതമ്പ് | 7675 | 46 | 353050 |
| റാഗി പൗഡർ | 453 | 60.95 | 27610 |
| വെല്ലം | 331 | 50 | 16550 |

ഇൻവോയിസ് നമ്പർ-CREDIT 386/21/24.03.2121

| ഇനം | അളവ്(Kg) | വില | ആകെ |
|---|---|---|---|
| നുറുക്ക് ഗോതമ്പ് | 6400 | 47 | 300800 |
| റാഗി പൗഡർ | 2302 | 62.86 | 144703 |
| വെല്ലം | 442 | 49 | 21658 |

ഓഡിറ്റ് എൻക്വയറി നം. 3 /21-22/ 25.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. കൂടാതെ ഈ തുക മുൻവർഷത്തെ ഭക്ഷണസാധനങ്ങളുടെ വിലയാണ്. (ഖണ്ഡിക 1-23 കൂടി കാണുക).

## 1-22-1 അനുപൂരകപോഷകാഹാരവിതരണ പദ്ധതി- രേഖകളില്ലാതെ തൻവർഷത്തെ തുകയിൽ നിന്ന് മുൻവർഷത്തെ തുക നൽകി.

അനുപൂരകപോഷകാഹാരവിതരണപദ്ധതിക്കായി 2021-22 വർഷം വകയിരുത്തിയ തുകയിൽ നിന്ന് മുൻവർഷത്തെ തുക അനുവദിച്ചിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ പ്രോജക്റ്റിൽ ഉൾപ്പെടുത്തുകയോ ,കുടിശ്ശിക നൽകാനുള്ള തുക കൂടി വകയിരുത്തുകയോ ചെയ്തിട്ടില്ല.
വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.
പ്രോജക്ട് നമ്പർ-109/22
ഫണ്ട്-വികസനഫണ്ട്-ജനറൽ
വകയിരുത്തിയ തുക-5284595
നിർവഹണം-ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ബിൽ നമ്പർ/ തീയതി-3/14.06.21-₹1469148
30.01.2021,24.03.2021 എന്നീ തീയതികളിൽ വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിലയാണ് മേൽ ബിൽപ്രകാരം പിൻവലിച്ച തുക .പ്രോജക്ട് രൂപീകരണസമയത്തോ, വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ,ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സിലോ മുൻവർഷത്തെ തുക കൊടുക്കാനുള്ളത് സംബന്ധിച്ചോ,തുക മതിയാകാതെ വന്നത് സംബന്ധിച്ചോ നിർവഹണോദ്യോഗസ്ഥ അറിയിച്ചതായി കാണുന്നില്ല.പ്രോജക്ട് രൂപീകരണത്തിന് മുൻപ് ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുകയോ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തി ആവശ്യത്തിന് ഫണ്ട് കണക്കാക്കി സ്റ്റാൻഡിംഗ് കമ്മിറ്റിയെയോ ,ഭരണസമിതിയെയോ അറിയിച്ചതായി കാണുന്നില്ല.വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തുക വകയിരുത്താത്തതിനാൽ തന്നെ ഓരോ വർഷവും ആവശ്യമായ തുകകളുടെ ആധികാരികത

വ്യക്തമല്ല.ഓഡിറ്റ് എൻക്വയറി നം. 2 /21-22/ 25.02.23 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.₹1469148 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രോജക്ട് നടപ്പാക്കി.

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 3-ാംഉപവകുപ്പ് 1-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ/പൊതുവായ/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. അതു പ്രകാരം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

മറുകര സ്പോർട്ട്സ് അക്കാദമി എന്ന പേരിൽ കെട്ടിട നിർമ്മാണ പ്രോജക്ട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ്.0233/22 (എസ്.0190/21) |
| അടങ്കൽ & ഫണ്ട് | ₹18,00,000/-(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവ് | ₹10,61,204/- (ട്രഷറി ബിൽ നം. 10/22, 18.06.2021) ₹2,67,248/-(ട്രഷറി ബിൽ നം.98/22, 24.03.2022 )<br>ആകെ: ₹13,28,452/- |
| ടെണ്ടർ നിരക്ക് | ₹16,06,363.42 |
| കരാർ നമ്പർ & തീയതി | AE/LSGD/MLT/32/2021-22, 11.09.2020 |
| പൂർത്തിയാക്കേണ്ട തീയതി | 31.03.2021 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 1)23/17-18<br>2)186/20-21 |

മേൽ പറഞ്ഞ പ്രോജക്ട് കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളിൽ പെടുന്നില്ല. ഗ്രാമ പഞ്ചായത്തുകൾക്ക് സ്പോർട്ട്സ് അക്കാദമി നടത്താൻ സർക്കാർ അനുമതി നൽകിയത് സംബന്ധിച്ച രേഖയും ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ട് പ്രകാരം നിർമ്മിച്ച കൊട്ടിടം 28.2.2023 -ൽ നടത്തിയ ഭൗതിക പരിശോധനയിൽ ഉപയോഗിക്കാതെ കിടക്കുന്നതായാണ് കണ്ടെപ്പെട്ടത്.





മറുകര സ്പോർട്ട്സ് അക്കാദമിയുടെ നിലവിലെ അവസ്ഥ

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത വിഷയത്തിൽ പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം. 16 /21-22, തീയതി 02/03/2023) നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആകെ ചെലവ് തുക ₹13,28,452/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾക്ക് സ്പോർട്ട്സ് അക്കാദമി നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

## 1-24 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 40179101047664 | കേരള ഗ്രാമീൺ ബാങ്ക്, കല്ലൂർ ശാഖ | ₹45,819/- (31.03.2022-ലെ) |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 57068379521 | എസ്.ബി.ഐ. ബാങ്ക്, സുൽത്താൻ ബത്തേരി ശാഖ | ₹36516.50 (25.09.2021-ലെ)** |

**ശേഷമുള്ള ബാങ്ക് സ്റ്റേറ്റമെന്റ്/പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ബാങ്കിംഗ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. ആയതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. മേൽപറഞ്ഞ നിർവ്വഹണ ഉദ്യോഗസ്ഥർ ബാങ്ക് അക്കൗണ്ടിലെ വരവ് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ ആക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അസി. എഞ്ചിനിയർ പല വരവ് ചെലവുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല (ഉദാ: ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പൊതുമരാമത്ത് പ്രവൃത്തികൾ വേണ്ടി നൽകിയ തുകകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.). ആയതിന് പുറമെ ചെലവുകളുടെ വൗച്ചർ നമ്പറും ചേർത്തിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് (എൻക്വയറി നം. 18/2021-22/02.03.2023, 19/2021-22/02.03.2023) നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നതിന് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് (ഖണ്ഡിക 1-21 കാണുക). ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 വീട് വാസയോഗ്യമാക്കൽ - മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

ജനറൽ/ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോക്ടിന്റെ നമ്പറും പേരും | അടങ്കൽ | ഫണ്ട് | ചെലവുതുകയും ട്രഷറി ബിൽ നമ്പറും |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1 | എസ്.0011/22, വീട് വാസയോഗ്യമാക്കൽ - ജനറൽ | ₹27,52,500/- | വികസന ഫണ്ട് (പൊതു വിഭാഗം) | 1)₹4,12,500/-98/16.08.2021<br>2)₹9,75,000/-132/29.09.2021<br>3)₹2,50,000/-165/26.10.2021<br>4)₹3,25,000/-211/17.11.2021<br>5)₹1,65,000/-258/01.12.2021<br>6)₹3,00,000/-329/10.01.2022<br>7)₹75,000/-372/22.01.2022<br>8)₹1,25,000/-433/08.02.2022<br>9)₹50,000/-519/04.03.2022<br>10)₹75,000/-540/09.03.2022<br>ആകെ: ₹27,52,500/- |
| 2 | എസ്.0014/22, വീട് വാസയോഗ്യമാക്കൽ - എസ്.ടി. | ₹14,56,202 | വികസന ഫണ്ട് (ടി.എസ്.പി) | 1)₹6,50,000/-173/26.10.2021<br>2)₹2,00,000/-328/10.012022<br>3)₹50,000/-373/22.01.2022<br>4)₹50,000/-434/08.02.2022<br>5)₹1,00,000/-521/04.03.2022<br>6)₹1,00,000/-539/09.03.2022<br>ആകെ: ₹11,50,000/- |
| 3 | എസ്.0013/22, വീട് വാസയോഗ്യമാക്കൽ - എസ്.സി. | ₹4,25,000/- | വികസന ഫണ്ട് (എസ്.സി.പി.) | 1)₹1,75,000/-130/25.09.2021<br>2)₹1,50,000/-257/01.12.2021<br>3)₹50,000/-326/10.01.2022<br>4)₹50,000/-520/04.03.2022 |

| | | | | |
|---|---|---|---|---|
| | | | | ആകെ: ₹4,25,000/- |
| | ഒട്ടാകെ | | | ₹ 43,27,500/- |

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(കൈ)നം. 22/2018/തസ്വഭവ, തിയതി 14.02.2018) പ്രകാരം ഗുണഭോക്താക്കളുടെ വരുമാന പരിധി ₹1,00,000/- യാണ്. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷം സബ്സിഡി നിരക്ക് നിശ്ചയിക്കണം. അവാസാനഗഡു നൽകുന്നതിന് മുമ്പ് എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തണം.

പ്രസ്തുത പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റും ആയത് എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് സബ്സിഡി നിരക്ക് നിശ്ചയിച്ചതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല. എൽ.എസ്.ജി.ഡി. ഓവർസീയറാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ പ്രവൃത്തി പൂർത്തികരിച്ചതിന് ശേഷമാണ് പരിശോധന നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പേ എസ്റ്റിമേറ്റ് പരിശോധിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. മേൽ പറഞ്ഞതിന് പുറമേ എല്ലാ വീടുകൾക്കും പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് അനുവദിക്കാൻ നിശ്ചയിച്ച തുക തന്നെയാണ് എല്ലാ സാക്ഷ്യപത്രത്തിലും മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 അനുസരിച്ച് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമാണ്. മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 21/2021-22/02.03.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹43,27,500/- ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന നിർമ്മാണ പദ്ധതി - തൻവർഷത്തെ പ്രോജക്ടിൽ നിന്നും മുൻവർഷത്തെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

ജനറൽ/ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോക്ടിന്റെ നമ്പറും പേരും | അടങ്കൽ | ഫണ്ട് | ചെലവ് തുകയും വൗച്ചർ/ബിൽ നമ്പറും തീയതിയും |
|---|---|---|---|---|
| 1 | എസ്.0015/22, ലൈഫ് പദ്ധതി - ജനറൽ | ₹74 00,200 | വികസന ഫണ്ട് (പൊതു വിഭാഗം) | 1) ₹1,60,000, 130/29.09.2021<br>2) ₹29,20,000, 152/13.10.2021<br>3) ₹32,00,000, 157/23.10.2021<br>4) ₹7,20,000, 158/23.10.2021 |

| | | | | |
|---|---|---|---|---|
| | | | | 5) ₹2,40,000, 166/26.10.2021<br>6) ₹1,20,000, 331/10.01.2022<br>7) ₹40,000, 330/10.01.2022<br>ആകെ: ₹74,00,000/- |
| | | ₹20,00,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഇല്ല |
| | | ₹25,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം | ഇല്ല |
| | | ₹1,12,99,800 | ലോൺ | ഇല്ല |
| | ആകെ | ₹2,32,00,000/- | | ₹74,00,000/- |
| 2 | എസ്.0017/22, ലൈഫ് പദ്ധതി - എസ്.ടി. | ₹96,27,000 | വികസന ഫണ്ട് (ടി.എസ്.പി) | 1) ₹45,60,000, 124/15.09.2021<br>2) ₹24,20,000, 127/23.09.2021<br>3) ₹26,20,000, 150/11.10.2021<br>ആകെ: ₹96,00,000/- |
| | | ₹50,00,000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഇല്ല |
| | | ₹50,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം | 1) ₹24,40,000/-<br>2) ₹9,70,000/-<br>3) ₹3,20,000/-<br>ആകെ: ₹37,30,000/- |
| | | ₹14,78,73,000 | ലോൺ | 1) ₹48,60,000; 22100090/10.05.2021<br>2) ₹25,60,000; 22100145/18.05.2021<br>3) ₹35,60,000; 22100162/26.05.2021<br>4) ₹12,00,000; 22100192/02.06.2021<br>5) ₹24,20,000; 22100196/04.06.2021<br>6) ₹22,40,000; 22100222/05.06.2021<br>7) ₹31,60,000; 22100233/15.06.2021<br>8) ₹12,90,000; 22100238/19.06.2021<br>9) ₹26,20,000; 22100243/30.06.2021<br>10) ₹27,00,000; 22100244/30.06.2021<br>11) ₹4,80,000; 22100271/07.07.2021<br>12) ₹35,00,000; 22100301/13.07.2021<br>13) ₹17,00,000; 22100308/20.07.2021<br>14) ₹40,00,000; 22100324/22.07.2021<br>15) ₹50,00,000; 22100417/17.08.2021<br>16) ₹46,00,000; 22100541/24.09.2021 |

| | | | | |
|---|---|---|---|---|
| | | | | 17) ₹8,00,000; 22100150/11.10.2021<br>18) ₹10,10,000; 22100679/12.11.2021<br>ആകെ: ₹4,77,00,000/- |
| | ആകെ | ₹16,75,00,000/- | | ₹6,10,30,000/- |
| 3 | എസ്.0016/22, ലൈഫ് പദ്ധതി - എസ്.സി. | ₹1193000 | വികസന ഫണ്ട് (എസ്.സി.പി.) | 1) ₹6,80,000; 128/23.09.2021<br>2) ₹5,10,000; 172/26.10.2021<br>ആകെ: ₹11,90,000/- |
| | | ₹2500000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ഇല്ല |
| | | ₹2500000 | ജില്ലാ പഞ്ചായത്ത് വിഹിതം | ഇല്ല |
| | | ₹4207000 | ലോൺ | ₹5,00,000; 22100417/17.08.2021 |
| | ആകെ | ₹1,04,00,000/- | | ₹16,90,000/- |

മേൽ പറഞ്ഞ പ്രോജക്ടുകളിൽ നിന്നു മുൻവർഷത്തെ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നൽ ഡി.പി.സി. അംഗീകാരം നൽകിയ തൻവർഷത്തെ പ്രോജക്ടിൽ മുൻവർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിന് പുറമേ ജനറൽ വിഭാഗം ഗുണഭോക്താക്കൾ വേണ്ടി ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും എസ്.ടി. വിഭാഗത്തിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകിയിട്ടുണ്ട് (അവർക്ക് രണ്ട് പ്രോജക്ടുകളിൽ നിന്നും ഗഡുക്കൾ നൽകിയിട്ടുണ്ട്.).

ക്രമ നമ്പർ 1 പറഞ്ഞിരിക്കുന്ന ജനറൽ വിഭാഗത്തിന്റെ പ്രോജക്ട് പ്രകാരം 58 പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് (58 X 4,00,000 = 2,32,00,000). എന്നാൽ ഈ പ്രോജക്ടിൽ നിന്നും മുൻവർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം (ഗഡുക്കൾ) നൽകിയിട്ടുള്ളത്. ആയതിന് പുറമേ എസ്.ടി. വിഭാഗത്തിന് വേണ്ടി ആവിഷ്കരിച്ച പോജക്ടിലെ ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

ക്രമ നമ്പർ 2 പറഞ്ഞിരിക്കുന്ന പട്ടിക വർഗ്ഗം വിഭാഗത്തിന്റെ പദ്ധതി പ്രകാരം 275 പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് (275 X 6,00,000 = 16,50,00,000). 275 ഗുണഭോക്താക്കൾക്ക് ആറ് ലക്ഷം രൂപ വീതം നൽകാൻ ₹16,50,00,000/-ആവശ്യമായിരുന്നത് എന്നാൽ ₹25,00,000/- അധികമാണ് പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്നത്. ഈ പ്രോജക്ടിൽ നിന്നും മുൻവർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം (ഗഡുക്കൾ) നൽകിയിട്ടുണ്ട്.

ക്രമ നമ്പർ 3 പറഞ്ഞിരിക്കുന്ന പട്ടിക ജാതി വിഭാഗത്തിന്റെ പദ്ധതി പ്രകാരം 26 പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത് (26 X 4,00,000 =1,04,00,000). ഈ പ്രോജക്ടിൽ നിന്നും മുൻവർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം (ഗഡുക്കൾ) നൽകിയിട്ടുണ്ട്.

ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 22/2021-22/02.03.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത മുൻവർഷങ്ങളിലെ പ്രോജക്ടിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഗഡുക്കൾ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നെങ്കിൽ ആയതിന് പ്രത്യേകം പ്രോജക്ട് വച്ച് അംഗീകാരം വാങ്ങി തുക നൽകേണ്ടതായിരുന്നു. ഡി.പി.സി. യുടെ അംഗീകാരമില്ലാതെ മുൻവർഷങ്ങളിലെ ഭവന നിർമ്മാണ പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് മുമ്പ് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ എന്നും ഇല്ലങ്കിൽ എത്ര തുകയാണ് കൊടുക്കാൻ ബാക്കിയുണ്ടയിരുന്നത് എന്നതും സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അവർക്ക് യഥാർത്ഥത്തിൽ ബാക്കി തുക നൽകാൻ ഉണ്ടയിരുന്നോ എന്ന് ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ക്രമവിരുദ്ധമായി ചെലവ് നടത്തിയതിനാൽ മേൽ പ്രോജക്ടുകളുടെ ആകെ ചെലവ് തുക ₹7,01,20,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അംഗീകാരമില്ലാതെ മുൻവർഷങ്ങളിലെ ഗുണഭോക്താക്കൾ ധനസഹായം നൽകിയ നടപടി ക്രമവൽക്കരിച്ച് അറിയിക്കേണ്ടതാണ്. അവർക്ക് മുമ്പ് എത്ര തുക നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-27 മരാമത്ത് പ്രവൃത്തിയുടെ ബിൽതുകയേക്കാൾ അധിക തുക അനുവദിച്ചതിനാൽ

ഗ്രാമപഞ്ചായത്തിന് ₹1,14,517/- നഷ്ടം.

മരാമത്ത് പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്ന അളവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ബിൽ അനുസരിച്ചുള്ള തുകയാണ് അനുവദിക്കേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ നടപ്പിലാക്കിയ ചില പ്രവൃത്തികൾക്ക് ബിൽ തുകയെക്കാൾ അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് ( ഓഡിറ്റ് എൻക്വയറി നം. 11/21-22, തീയതി 28/02/2022, 13/21-22, തീയതി 02/03/2022 ) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1-27-1 മാതമംഗലം തേർവയൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0257/22 (എസ്.0308/20, എസ്.0304/21) |
| അടങ്കൽ & ഫണ്ട് | ₹3,00,000/-(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,95,135/- (ട്രഷറി ബിൽ നം. 11/22, 16.07.2021) |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/32/2019-20, 08.11.2019 |
| കരാറുകാരൻ | ശ്രീ. സജീവൻ പി.ബി. |
| അളവ് പുസ്തക നമ്പർ | 69/20-21 |
| പി.എ.സി. (ബി.ഒ.ക്യൂ.) | ₹2,66,262.92 |
| പ്രവൃത്തി മൂല്യം | ₹241916.58 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 241916.58 |
| ജി.എസ്.റ്റി (12%) | 29029.09 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 270946.57 |
| അധികം ചെലവഴിച്ച തുക (2,95,135 - 270946.57) | 24188.43 |

അധിക ചെലവ് ₹24,188/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

1-27-2 കല്ലൂർ - പുത്തൻചിറ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0238/22 (എസ്.0330/20, എസ്.0310/21) |
| അടങ്കൽ & ഫണ്ട് | ₹2,70,000/-(സംരക്ഷണ ഗ്രാന്റ്)<br>₹80,000/- (തനത് ഫണ്ട്)<br>ആകെ:₹3,50,000/- |
| ചെലവ് | ₹2,70,000/- (ട്രഷറി ബിൽ നം. 12/22, 23.07.2021)<br>₹74,057/- (ചെക്ക് നം. 018551/07.12.2021)<br>ആകെ:₹3,44,057/- |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/35/2019-20, 08.11.2019 |
| കരാറുകാരൻ | ശ്രീ. സജീവൻ പി.ബി. |
| അളവ് പുസ്തക നമ്പർ | 39/20-21 |
| പി.എ.സി. (ബി.ഒ.ക്യൂ.) | ₹3,10,443.46 |
| പ്രവൃത്തി മൂല്യം | ₹290140.89 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 290140.89 |
| ജി.എസ്.റ്റി (12%) | 43816.9 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 324957.80 |

| | |
|---|---|
| അധികം ചെലവഴിച്ച തുക ( 3,44,057 - 324957.80) | 19099.20 |

അധിക ചെലവ് ₹19,099/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-27-3 ചുണ്ടക്കര മദ്രസ്സ റോഡ് റീടാറിംഗ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0258/22 ( എസ്.0036/21) |
| അടങ്കൽ & ഫണ്ട് | ₹3,00,000/-(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,96,638/- (ട്രഷറി ബിൽ നം. 15/22, 11.08.2021) |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/41/2020-21, 12.10.2020 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 57/20-21 |
| പി.എ.സി. (ബി.ഒ.ക്യൂ.) | ₹2,66,605.24 |
| പ്രവൃത്തി മൂല്യം | ₹258155.20 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 258155.2 |
| ജി.എസ്.റ്റി (12%) | 309133.62 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 289133.82 |
| അധികം ചെലവഴിച്ച തുക ( 2,96,638 - 289133.82) | 7504.18 |

അധിക ചെലവ് ₹7504/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-27-4 ചുണ്ടക്കര മദ്രസ്സ റോഡ് ടാറിംഗ് ഡ്രൈനേജ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0252/22 ( എസ്.0132/21) |
| അടങ്കൽ & ഫണ്ട് | ₹5,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹4,77,660/- (ട്രഷറി ബിൽ നം. 24/22, 30.10.2021) |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/31/2020-21, 11.09.2020 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 49/20-21 |
| പി.എ.സി. (ബി.ഒ.ക്യൂ.) | ₹4,46,105.39 |
| പ്രവൃത്തി മൂല്യം | ₹4,21,654.64 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 4,21,654.64 |
| ജി.എസ്.റ്റി (12%) | 50598.56 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 472253.2 |
| അധികം ചെലവഴിച്ച തുക (4,77,660 - 472253.2) | 5406.8 |

അധിക ചെലവ് ₹5407/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-27-5 മാതമംഗലം നാഗരംകുന്ന് കനാൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0255/22 |
| അടങ്കൽ & ഫണ്ട് | ₹10,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | ₹8,05,648/- (ട്രഷറി ബിൽ നം. 53/22, 20.01.2022) |
| ടെണ്ടർ നിരക്ക് | ₹7,19,328.15 |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/82/2021-22, 19.11.2022 |
| കരാറുകാരൻ | ശ്രീ. അക്ലാസ് ബി.കെ. |
| അളവ് പുസ്തക നമ്പർ | 72/20-21 |
| പ്രവൃത്തി മൂല്യം | ₹7,13,292.07 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 7,13,292.07 |
| ജി.എസ്.റ്റി (12%) | 85595.04 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 798887.11 |
| അധികം ചെലവഴിച്ച തുക ( 8,05,648 - 798887.11) | 6760.89 |

അധിക ചെലവ് ₹6761/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27-6 ആൾട്ടർനേറ്റ് സ്കൂൾ മെയിന്റെനൻസ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.097/22 |
| അടങ്കൽ & ഫണ്ട് | ₹4,00,000/-(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹3,99,674/- (ട്രഷറി ബിൽ നം. 44/22, 13.01.2022) |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/111/2021-22, 10.12.2021 |
| കരാറുകാരൻ | ശ്രീ. അബ്ദുൾ അസീസ് |
| അളവ് പുസ്തക നമ്പർ | 196/20-21 |
| പി.എ.സി. (ബി.ഒ.ക്യൂ.) | ₹3,56,851.79 |
| പ്രവൃത്തി മൂല്യം | ₹3,32,636.32 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 3,32,636.32 |
| ജി.എസ്.റ്റി (12%) | 39916.35 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 372552.67 |
| അധികം ചെലവഴിച്ച തുക ( 3,99,674 - 372552.67) | 27121.33 |

അധിക ചെലവ് ₹27121/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27-7 മറുകര സ്പോർട്സ് അക്കാദമി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0190/21 (എസ് 0233/22) |
| അടങ്കൽ & ഫണ്ട് | ₹18,00,000/-(വികസന ഫണ്ട്) |
| ചെലവ് | ₹10,61,204/- (ട്രഷറി ബിൽ നം. 10/22, 18.06.2021)<br>₹2,67,248/- (ട്രഷറി ബിൽ നം. 98/22, 24.03.2022)<br>ആകെ: ₹13,28,452/- |
| ടെണ്ടർ നിരക്ക് | ₹13,85,437.97 |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/32/2020-21, 11.09.2020 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 1)23/17-18<br>2) 186/20-21 |

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹11,83,202.51 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 11,83,202.51 |
| ജി.എസ്.റ്റി (12%) | 1,41,984.3 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 13,25,186.81 |
| അധികം ചെലവഴിച്ച തുക ( 13,28,453 - 1325186.81) | 3265.19 |

അധിക ചെലവ് ₹3265/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-27-8 മണലാടി വെള്ളക്കെട്ട് റോഡ് സൈഡ് കെട്ടും ടാറിംഗും

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0137/21 |
| അടങ്കൽ & ഫണ്ട് | ₹8,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹368110/- (ട്രഷറി ബിൽ നം. 133/20-21, 24.02.2021)<br>₹3,43,214/- (ട്രഷറി ബിൽ നം. 114/22, 30.03.2022)<br>ആകെ : ₹7,11,324/- |
| ടെണ്ടർ നിരക്ക് | ₹7,13,495.60 |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/17/2020-21, 07.09.2020 |
| കരാറുകാരൻ | ശ്രീ. പി.ആർ. ശിവരാജൻ |
| അളവ് പുസ്തക നമ്പർ | 1)47/20-21(1-24)<br>2)59/21-22 |
| പ്രവൃത്തി മൂല്യം | ₹616206.75 |

അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | 616206.75 |
| ജി.എസ്.റ്റി (12%) | 73944.81 |
| ബിൽ പ്രകാരമുള്ള ചെലവ് തുക | 690151.56 |
| അധികം ചെലവഴിച്ച തുക ( 7,11,324 - 6,90,151.56) | 21172.44 |

അധിക ചെലവ് ₹21,172/- നിരാകരിക്കുന്നു. ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 18% പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ ഖണ്ഡികകളിലായി ആകെ ₹ 1,14,517/- ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനു നഷ്ടമായ മുഴുവൻ നഷ്ടവും പലിശ സഹിതം ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് കരാറുകാരന് തുക നൽകി.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടികാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(കൈ)നം. 11/2018/തസ്വഭവ, തീയതി 29.01.2018) ഖണ്ഡിക നം. 3.8.2 (9) (Vi) അനുസരിച്ച് പ്രവൃത്തി പൂർത്തിയായതിന് ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല.

2016-17 വർഷത്തിൽ പൊതുകിണറുകൾ റീചാർജിംഗിനും അറ്റകുറ്റപണികൾ നടത്തുന്നതിനും പ്രോജക്റ്റ് തയ്യാറാക്കുകയും 2017-18 വർഷത്തിൽ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. അസി. എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം മേൽ

പറഞ്ഞ പ്രവൃത്തി 11.07.2017 - ന് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ വന്നിട്ടുള്ള അപാകത മൂലം എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ മേൽ പ്രവൃത്തികൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടുകൊണ്ടുള്ള കരാറുകാരന്റെ 09.01.2018 - ലെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് (കത്ത് തപാൽ രജിസ്റ്ററിൽ ചേർത്തിട്ടില്ല). 30.01.2018 - ലെ 1/2-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട് (എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി. എഞ്ചിനീയർ ശിപാർശ ചെയ്തതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല). എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ 24.05.2018 -ന് എസ്റ്റിമേറ്റ് പ്രകാരം നടത്തിയ പണികളുടെ തുക അനുവദിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | എസ്.0221/22 (എസ്.0187/17, എസ്.0172/18, എസ്.0279/19) |
| അടങ്കൽ & ഫണ്ട് | ₹4,95,000/-(പൊതുവിഭാഗം വികസന ഫണ്ട്)<br>₹5000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ: 5,00,000/- (2017-18 വർഷം മുതൽ മുഴുവൻ അടങ്കൽ തുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റായി മാറ്റിയിട്ടുണ്ട്) |
| ചെലവ് | ₹3,02,755/- (ട്രഷറി ബിൽ നം. 24/2018-19, 24.05.2018)<br>₹1,53,284/- (ഇ- ഗ്രാമ സ്വരാജ് വൗച്ചർ നം. XVFC/20-21/22/P/122, 28.03.2022)<br>ആകെ: ₹4,56,039/- |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
| കരാർ നമ്പർ & തീയതി | AE/LSGD/MLT/47/2016-17, 30.03.2017 |
| പൂർത്തിയാക്കേണ്ട തീയതി | 31.03.2017 |
| കരാറുകാരൻ | ശ്രീ. എം. നാരായണൻകുട്ടി |
| അളവ് പുസ്തക നമ്പർ | 11/17-18 (പേജുകൾ 1-95) |
| പ്രവൃത്തി ആരംഭിച്ച തീയതി | 21.04.2017 (MB: പേജ് നം. 1 ) |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 11.07.2017 (MB: പേജ് നം. 60) |
| പി.എ.സി. | ₹3,80,857/- |

ബിൽ അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അസി. എഞ്ചിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ പ്രവൃത്തി സ്പിൽ ഓവറായി വരാത്തതിനാൽ ബിൽ തയ്യാറാക്കാൻ കഴിഞ്ഞില്ല എന്ന് അസി. എഞ്ചിനീയർ വാക്കാൽ അറിയിച്ചിരുന്നു എന്നും പൂർത്തികരിക്കാറായ പ്രവൃത്തി പൂർത്തികരിക്കുന്നതിനും തനിക്ക് നിയമാനുസൃതം ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടു കൊണ്ടുള്ള കരാറുകാരന്റെ 07.05.2019 - ലെ കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് (ഈ കത്തും തപാൽ രജിസ്റ്ററിൽ ചേർത്തിട്ടില്ല). ആയതിന് അസി. എഞ്ചിനീയർ മറുപടി കൊടുത്തിട്ടില്ല. തന്റെ ഫൈനൽ ബിൽ തുക അനുവദിച്ചില്ല എന്ന് കാണിച്ച് ബഹു: ഹൈക്കോടതിയിൽ കരാറുകാരൻ കേസ് ഫയൽ ചെയ്തു (WP(C)No. 15423/2020). പ്രോജക്ട് തയ്യാറാക്കി രണ്ട

മാസത്തിനുള്ളിൽ ഡി.പി.സി. അംഗീകാരം വാങ്ങി തുടർ നടപടികൾ സ്വീകരിക്കാനാണ് കേസിൽ ബഹു: കോടതി 24.02.2021-ന് വിധിച്ചിട്ടുണ്ട്. ആയത് പ്രകാരം 2021-22 വർഷത്തിൽ പുതിയ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. 15.01.2022 -ലെ 34/20-21 നമ്പർ പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 21.04.2017 മുതൽ 11.07.2017 വരെ കരാറുകാരൻ ചെയ്ത പ്രവൃത്തികൾ തന്നെയാണ് റിവൈസ്ഡ് എസ്റ്റിമേറ്റിലുള്ളത്. 11.07.2017 - ന് ശേഷം യാതൊരു പ്രവൃത്തിയും പ്രസ്തുത പ്രോജക്ട് പ്രകാരം കരാറുകാരൻ ചെയ്തിട്ടുമില്ല. അതിനാൽ കൂടതലായി പ്രവൃത്തികൾ എന്നും ചെയ്യാനില്ലാ എന്നിരിക്കെയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. പ്രസ്തുത നടപടി ചട്ട ലംഘനവും മേൽ പറഞ്ഞ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമാണ്.

പ്രസ്തുത പ്രവൃത്തി 2016-17 വർഷത്തെയാണെന്നു 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ പ്രോജക്ടായി അംഗീകാരം വാങ്ങിയിട്ടുള്ളതാണെന്നും സർക്കാർ ഉത്തരവ് അനുസരിച്ച് 2018-19 വർഷത്തിൽ പ്രവൃത്തി വീണ്ടും സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്താൻ പാടില്ലാത്തതുകൊണ്ട് പ്രസ്തുത വർഷം അംഗീകാരം കിട്ടിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും കേസിനുള്ള സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കിയിട്ടുള്ള എസി. എഞ്ചിനീയർ പറഞ്ഞിട്ടുള്ളത്. തൻവർഷത്തെ സർക്കാർ ഉത്തരവ് പ്രകാരം മുൻവർഷത്തെ പൂർത്തിയാക്കാത്ത പ്രവൃത്തികൾ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. (എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഉത്തരവ് ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.) ആയത് പരിഗണിച്ചാണ് മേൽ പറഞ്ഞ കോടതി വിധി ഉണ്ടായിട്ടുള്ളതെന്ന് കേസിന്റെ വിധി ഫയലിൽ നിന്നും കാണാവുന്നതാണ്. എന്നാൽ മേൽപറഞ്ഞ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പറഞ്ഞകാര്യം വസ്തുതാപരമല്ല. കാരണം, എസ്.0279/19 നമ്പർ സ്പിൽ ഓവർ പ്രോജക്ടായി 2018-19 വർഷത്തെ പദ്ധതിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. മാത്രമല്ല 2018-19 വർഷം മുതൽ ബാധകമായിട്ടുള്ള പദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ.(കൈ)നം. 11/2018/തസ്വഭവ, തീയതി 29.01.2018) സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ എസി. എഞ്ചിനീയർ പറഞ്ഞിരിക്കുന്ന പ്രകാരമൊരു വ്യവസ്ഥയില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുസരിച്ചും അളവ് പുസ്തകം അനുസരിച്ചും 11.07.2017 - ന് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ആയതിനാൽ നിയമ പ്രകാരം കരാറുകാരന് തുകയൊന്നും നൽകാനുണ്ടായിരുന്നില്ല എന്നതാണ് വസ്തുത.

പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് നിയമ വിരുദ്ധമാണെന്നിരിക്കെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനം നൽകിയതിനും കേസിന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകിയപ്പോൾ യാഥാർത്യം മറച്ചുവെച്ച തിനും നിയമ പ്രകാരം കരാറുകരന് തുകയൊന്നും നൽകാനില്ല എന്നിരിക്കെ ₹1,53,284/- അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 15 /21-22, തീയതി 28/02/2023) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പി.എ.സിയിൽ ഉൾപ്പെട്ടിട്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത മുഴുവൻ പ്രവൃത്തികളുടെ തുകയും 2018-19 വർഷത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ നിയമ വിരുദ്ധമായി ചെയ്ത പ്രവൃത്തികളുടെ തുകയാണ് 2020-21 വർഷത്തിൽ നൽകിയിട്ടുള്ളത്. ഈ വസ്തുത ഉറച്ചുവച്ച് സ്പിൽ ഓവർ പ്രോജക്ടില്ലാതിരുന്നതാണ് കരാറുകാരന് തുക അനുവദിക്കാത്തതിന് കാരണമായി കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ നിയമ വിരുദ്ധമായി അനുവദിച്ച ₹1,53,284/- ഓഡിറ്റ് നിരാകരിക്കുന്നു. ആയത് വസ്തുത വിരുദ്ധമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് നൽകുകയും ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്ത അസി. എഞ്ചിനീയറിൽ നിന്നും ചട്ടവിരുദ്ധമായി സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി നിരാകരിച്ച തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 103008/- നഷ്ടം.

ചെമ്പകക്കുണ്ട് മഹാത്മ ഗാന്ധി റോഡ് ടാറിംഗ് നടത്തുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് തയ്യാറാക്കുകയും ടെണ്ടർ നടത്തി കരാറുടമ്പടിവച്ച് കരാറുകാരനെ ഏൽപ്പിക്കുകയുംചെയ്തു. ഏകവർഷ പ്രോജക്ടായിരുന്ന പ്രസ്തുത പ്രവൃത്തി 31.03.2019 -ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകരാൻ യഥാസമയം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0234/22 (എസ്.0088/19, എസ്.0238/20) |
| അടങ്കൽ & ഫണ്ട് | ₹3,00,000/-(സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,95,586/- (ട്രഷറി ബിൽ നം. 02/22, 11.06.2021) |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് റേറ്റ് |
